# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പെരുമാട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ ചീട്ടുസഹിതം)

നമ്പർ കെ.എസ്.എ-പികെഡി-11-9/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 29.01.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി-11-9/2019 തീയതി: 29.01.2019.

<u>പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.06.2017 മുതൽ 06.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഹണി മേരി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 20.10 .2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി പ്രീത.യു. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രമാദേവി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജി.മാരിമുത്തു | 01.04.2017മുതൽ<br>31.03.2018വരെ |
| സെക്രട്ടറി | ശ്രീമതി ബീഗം സൈന .ബി. | 01.04.2017മുതൽ<br>31.03.2018വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷമിത.പി. | 01.04.2017മുതൽ 26.10.2017 വരെ |
| | ശ്രീ. രവി | 27.10.2017മുതൽ 16.11.2017വരെ |
| | ശ്രീമതി രമാദേവി.ആർ | 17.11.2017മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി രാധ.എൻ. | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി സൂര്യ .എം.എസ് | 01.04.2017മുതൽ 10.04.2017വരെ |
| | ശ്രീ വ്യാസ്.എൻ.ജി. | 11.04.2017മുതൽ 10.08.2017വരെ |
| | ശ്രീമതി പ്രിൻസി.എ. | 11.08.2017മുതൽ 29.10.2017വരെ |
| | ശ്രീമതി സുഹൈന.എ. | 30.10.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഡോ.ഷെമി.വഎസ്. | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ശ്രീ. ഡോ.രാജഹരിപ്രസാദ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | ശ്രീ ഡോ. റിയാസ്.ബി. | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി എ.ഷാജൂന്നീസ | 01.04.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുമേഷ്.എം. | 01.04.2017മുതൽ 31.03.2018വരെ |
| | ശ്രീ. നിജാമുദ്ദീൻ | 01.04.2017മുതൽ 14.11.2017 വരെ |
| | ശ്രീമതി രജനി | 15.11.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | ശ്രീമതി രാധിക | 01.04.2017മുതൽ 08.11.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സജീഷ്കുമാർ | 09.11.2017മുതൽ 31.03.2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഹീര. ടി.എസ്. | 01.04.2017മുതൽ 13.09.2017വരെ |
| | ശ്രീമതി സുജാത | 14.09.2017മുതൽ 31.03.2018വരെ |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017 -ാം തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പിന്നീട് പരിഷ്കരിച്ചിട്ടില്ല.

ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരളപഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ-214,സർക്കാർ ഉത്തരവ്(ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാനുവൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി,പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. പഞ്ചായത്ത് കൗൺസിൽ ആവ്ശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് ,വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ പരിശോധിച്ചപ്പോൾ 23.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കുകയും ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതി 30.03.2017-ാം തീയതിയിൽ ബജറ്റ് പാസാക്കി.ബജറ്റ് സോഫ്റ്റ്വെയർ ജനറേറ്റ് ചെയ്ത പ്രിന്റ്ചെയ്ത പകർപ്പും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതായുള്ള യാതൊരു രേഖകളോ ബജറ്റ് ഫയലോ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ,സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല.പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടു മാത്രമേ പാസാക്കപ്പെടുന്നുള്ളു എന്ന് ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.05. 2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.07.18&05.07.18 | നം.കെ.എസ്.എ-പികെഡി. 21/1904 (..........) /2018/ തീയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22669603 |
| വരവ് | 86638512 |
| ആകെ | 109308115 |
| ചെലവ് | 102068130 |
| നീക്കിയിരിപ്പ് | 7239985 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 23975000 | 23975000 | 23817049 | 157951 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 10997281 | 10997281 | 5696348 | 5300933 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4533157 | 4533157 | 4533157 | 0 |
| മെയിന്റനൻസ്, നോൺ റോഡ് (ACR പ്രകാരം) | 0 | 5131000 | 5131000 | 2242296 | 2888704 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | 0 | 13396000 | 13396000 | 11033379 | 2362621 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11258751 | 11258751 | 7155037 | 4103714 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 2336842 | 2336842 | 1332299 | 1004543 |

| | | | | | | |
|---|---|---|---|---|---|---|
| എംജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 28204389 | 28204389 | 28204389 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11122 | 1170787 | 1181909 | 1178510 | 3399 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി.എസ്.സി | 6921000 | 2307000 | 9228000 | 9228000 | 0 |
| | ഐസിഡിഎസ് | 1340555 | 1137757 | 2478312 | 1453261 | 1025051 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | തൊഴിൽ രഹിത വേതനം | - | 32400 | 32400 | 32400 | - |
| | നെൽക്കൃഷി ഉൽപാദന ബോണസ് | - | 1989450 | 1989450 | 1989450 | - |
| | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | - | 75000 | 75000 | 75000 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1539300 | 2501234 | 4040534 | 2501234 | 1539300 |
| | ജില്ലാ പഞ്ചായത്ത് | 0 | 500000 | 500000 | 500000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9470759 | 10214891 | 19685650 | 13511711 | 6173939 |
| | ട്രഷറി അക്കൗണ്ട്- ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 11648422 | 14823855 | 26472277 | 25536027 | 936250 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 180 | 137372132 | 87 | 62677203 | 93 | 48.33 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | നടപ്പാക്കിയത് | | ചെലവഴിച്ച തുക | | ചെലവ് % |
|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | അടങ്കൽ | പദ്ധതികളുടെ എണ്ണം | തുക | |
| കൃഷി ഓഫീസർ | 3 | 35369840 | 2 | 11611228 | 32.8 |
| വി.ഇ.ഒ - 1, 2 | 9 | 7970000 | 8 | 4930000 | 61.85 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5172000 | 5 | 5030593 | 97 |
| സെക്രട്ടറി | 20 | 15687225 | 12 | 10788844 | 68.77 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 111 | 59377321 | 67 | 19975551 | 33.64 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 784067 | 6 | 594403 | 75.8 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 2850000 | 3 | 2850000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 1480000 | 3 | 516011 | 34.86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1623011 | 1 | 1623011 | 100 |
| എച്ച്.എം | 5 | 1726168 | 5 | 1373010 | 79.5 |
| അസി.സെക്രട്ടറി | 14 | 5332500 | 10 | 3384552 | 63 |
| ആകെ | 180 | 137372132 | 87 | 62677203 | 45.6 |

ആകെ വകയിരുത്തിയ തുകയുടെ 45.6% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയുടെ അഭാവവും നിർവ്വഹണ കലണ്ടറിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കൽ എന്നിവ മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ചെയ്തിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല എന്നുകാണുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടിതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 12 അംഗങ്ങളുള്ള ആസൂത്രണ സമിതി 28.01.17ന് രൂപീകരിച്ചിട്ടുണ്ട്. ആദ്യ യോഗത്തിൽ പ്രത്യേക ചർച്ചകളൊന്നും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ യോഗങ്ങളൊന്നും ചേർന്നിട്ടുള്ളതായോ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായോ രേഖകളില്ല. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകൾ

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും വീതം 3 അല്ലെങ്കിൽ 4 യോഗങ്ങൾ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ

ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. ആയതിനാൽ മേഖലകളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ഇവ അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്റ്റുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

- വികസന കാര്യം

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണോദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ ചെയ്യുകാണുന്നില്ല. പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം,ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

- ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11122 | 1170787 | 1181909 | 1178510 | 3399 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28204389 | 28204389 | 28204389 | 0 |
| ആകെ | 11122 | 29375176 | 29386298 | 29382899 | 3399 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32400 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 7119400 | 594 |
| വിധവാപെൻഷൻ | 16664500 | 1418 |
| വാർദ്ധക്യകാലപെൻഷൻ | 21291800 | 1813 |
| വികലാംഗപെൻഷൻ | 3013100 | 256 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 597000 | 71 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1103/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- വസ്തു നികുതി, വാടക, എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ടോ എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.
- സംയുക്ത പ്രൊജക്ടിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
- ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റ് നടപ്പിലായിട്ടില്ല.
- പൗരാവകാശ രേഖ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
- പഞ്ചായത്ത്, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്നിവയ്ക്കായുള്ള വാങ്ങലുകൾക്കായി പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുകയോ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖക്കനുസൃതമായ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുകയോ ചെയ്തിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ്

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

- സകർമ്മ നിലവിൽ വരുന്നതിനു (2.6.17) മുൻപുള്ള കാലയളവിലെ ഭരണസമിതി മിനിറ്റ്സ് എഴുതി പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കിയത് 16.10.18 ന് മാത്രമാണ് എന്നതിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സകർമ്മയിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ള ഭരണസമിതി തീരുമാനങ്ങളിൽ എല്ലാത്തിനോടൊപ്പവും അനുബന്ധരേഖകൾ -ഗുണഭോക്തൃലിസ്റ്റ് etc. -വെച്ചിട്ടില്ല. തീരുമാനങ്ങളോടൊപ്പം അതിന്റെ എല്ലാ രേഖകളും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.
- അസി. എഞ്ചിനീയർ ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2018 | 08/2018 | 6.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.07.2015 | 2010-2011 to 2014-2015 | 03.08.2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപാകതകൾ ഒന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവ്-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഡി&ഒ രജിസ്റ്ററിലെ വിവരങ്ങളും തൊഴിൽ നികുതി രജിസ്റ്ററും താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി (ജീവനക്കാർ) ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

- 16/527 ഷജ്ന സാമിൽ
- 16/598 അപ്പൂസ് ഗാർമെന്റ്സ് -വസ്ത്രനിർമാണം
- 18/308 ബ്രദേഴ്സ് ഇൻഡസ്ട്രീസ്-സ്റ്റീൽ ഫർണിച്ചർ നിർമാണം
- 11/685,686 ശ്രീ വിഘ്നേശ്വര ഫ്യൂവൽസ്, മീനാക്ഷിപുരം

- 16/136 ദേവി ജ്വല്ലറി
- 12/551 MAB പെട്രോൾ പമ്പ്
- 13/260 ഫോർ സ്റ്റാർ അസോസിയേറ്റ്സ് , വെജിറ്റബിൾ ഓയിൽസ്
- 16/620 പാൽമെറ ട്രേഡിംഗ്
- 16/619 പാൽമ്സ് സൂപ്പർമാർക്കറ്റ്
- 7/460 ഗ്രേസ് ഫുഡ്സ്
- 9/630 ശ്രീ കാട്ടുകാളിയമ്മൻ ഫൈബേഴ്സ്, കയർ ഫാക്ടറികൾക്കും
- 17/421 അക്വാഫിൽ- ഇൻസുലേഷൻസ് മെറ്റീരിയൽസ്
- 11/410 ശിവ കയർ മിൽ
- 16/797,798 സ്മൈൽ ഡെന്റൽ ക്ലിനിക്ക്

2. 2017-18 വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത ചുവടെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

1. കല്യാൺ ജ്വല്ലേഴ്സ് മിനിസ്റ്റോർസ്-ഒന്നാം അർദ്ധവർഷം

3.പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കല്ല്യാണപേട്ട ക്ഷീരോത്പാദന സഹകരണ സംഘം-രണ്ടാം അർദ്ധവർഷം
2. കമ്പാലത്തറ ക്ഷീരോത്പാദന സഹകരണ സംഘം-രണ്ടാം അർദ്ധവർഷം
3. BSNL വണ്ടിത്താവളം-ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

4.സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സഹായിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. തൊഴിൽനികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്.

5. എൽ.എസ്.ജി.ഡി സെക്ഷനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വരുന്ന ചുവടെ ചേർക്കുന്ന അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയതായി കാണുന്നില്ല.

1. എസ്.ശശി,മുള്ളൻതോട്
2. ഇ.വി.ഉമ്മർകോയ,മുതലമട
3. വി.വിനോദ് ,മേട്ടുപാളയം

4. ആർ.ശശികുമാർ,അയ്യപ്പൻകാവ്
5. പി.സച്ചിദാനന്ദൻ,കൈതറവ്
6. സി.ഷൺമുഖൻ,വണ്ടിത്താവളം
7. കെ.ഹരിദാസ്,പാറക്കളം
8. എ.വിജയകുമാർ,നാറണി
9. ഉദയകുമാർ ബി,നന്ദിയോട്
10. ആർ.ബോസ്,നന്ദിയോട്
11. ടി.എ.രാമകൃഷ്ണൻ,നന്ദിയോട്
12. രമേഷ്.ആർ,കൊട്ടുവായൂർ

6.പഞ്ചായത്ത് പരിധിയിലെ ഡോക്ടർമാർ, വക്കീലന്മാർ തുടങ്ങിയ പ്രഫഷണൽസിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽനികുതി പത്രിക പ്രകാരം ഔദ്യോഗിക വാഹനത്തിന്റ ഡ്രൈവറായി പ്രവർത്തി എടുത്തു വരുന്ന വ്യക്തിയിൽ നിന്നും സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/11.10.2018) ഈടാക്കാൻ വിട്ടുപോയ തൊഴിൽ നികുതി എത്രയും പെട്ടെന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് -അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തേക്ക് ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് ആയി തൻവർഷത്തേക്ക് ആകെ 156 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത സ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തേക്ക് ആകെ 223 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ് 59760 രൂപ എന്നതിൽ നിന്നും 89450 രൂപയായി വർധനവ് വന്നിട്ടുണ്ട്. ഡി&ഒ ലൈസൻസ് പരിധിയിൽ കൂടുതൽസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വരവ് വർധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്.

എന്നാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ഡി&ഒ ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ ഉൾപ്പെടെ)-(ക്രമ നമ്പർ 139), റേഷൻ റീടെയിൽ ഷോപ്പുകൾ (ക്രമ നമ്പർ 149) തുടങ്ങിയ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

2. ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിപ്പോൾ ഡി & ഒ ലൈസൻസ് അപേക്ഷകളിൽ

പലതിലും വിറ്റ് വരവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|
| 155/17-18 | എ.കെ.എസ് കാലിത്തീറ്റ |
| 142/17-18 | ടിമ്പേഴ്സ് |
| 137/17-18 | MM ട്രേഡേഴ്സ് |
| 36/17-18 | OK സ്റ്റോർ |

3. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് , തൊഴിൽ നികുതി (കച്ചവടക്കാർ) എന്നിവ ഈടാക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/12.10.2018) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക

വസ്തു നികുതി ഇനത്തിൽ 2017-18 സാമ്പത്തിക വർഷാവസാനത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ആകെ 9,15,891 രൂപ പിരിച്ചെടുക്കാൻബാക്കിയായി നിലനിൽക്കുന്നു.

| | |
|---|---|
| 2017-18 കുടിശ്ശിക | 4,68,660 രൂപ |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 4,47,231 രൂപ |
| ആകെ കുടിശ്ശിക | 9,15,891 രൂപ |

ആയതിൽ മൊബൈൽ ടവറുകളിൽ നിന്നും മാത്രമായി 43619 രൂപ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ടവർ | കുടിശ്ശിക |
|---|---|---|
| 3/62 | ബി.എസ്.എൻ.എൽ,വിളയോടി | 17241 |
| 11/317 | എയർസെൽ ഡിഷ് നെറ്റ്,മീനാക്ഷിപുരം | 26378 |
| | ആകെ കുടിശ്ശിക | 43619 |

മൊബൈൽ ടവറുകളിൽ നിന്നുമുള്ള വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ മുഴുവൻ വസ്തുനികുതിയും പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 VFPCK യിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2014-15 സാമ്പത്തിക വർഷത്തിൽ അഗ്രികൾച്ചർ മാർക്കറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി വാങ്ങിയ സ്ഥലത്തിൽ നിന്നും 50 സെന്റ് സ്ഥലം 3 വർഷകാലയളവിലേക്ക് 12500/- രൂപ മാസവാടകക്ക് വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള -VFPCK ക്ക് നൽകുന്നതിന് ഭരണസമിതിയുടെ 18/1/17 തീയതിയിലെ 5(1) നമ്പറായി തീരുമാനമെടുത്തു. തുടർന്ന് 13/2/17 തീയതിയിലെ 6 ാം നമ്പർ ഉടമ്പടി പ്രകാരം VFPCK എക്സിക്യൂട്ടീവ് ഓഫീസറുമായി കരാറിലേർപ്പെടുകയും ചെയ്തു. കരാർ പ്രകാരമുള്ള വാടക തുക അടവാക്കുന്നതിന് 28.4.17, 8.6.17, 1.11.17, 6.2.18 തിയതികളിൽ കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും സ്ഥാപനം നാളിത് വരെയും വാടക അടവാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ മാത്രം ഇപ്രകാരം 1,50,000 രൂപ വാടക കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/11.10.2018) ഗ്രാമപഞ്ചായത്ത് യാതൊരു മറുപടിയും നൽകിയിട്ടില്ല.വാടക ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 2-5 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിനായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം.37344893942 ) 10.10.2018 ന് 245769/-രൂപ അവശേഷിക്കുന്നുണ്ട്. ഇതിൽ 65625/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ 30.11.17 വരെയുള്ള കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.12/15.10.2018)

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റ 21-06-2017 --ാം തിയ്യതിയിലെ ഭരണസമിതി മിനിട്സ് തീരുമാനം നം.32(1) പ്രകാരം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തൻ വർഷത്തെ വാർഷികകണക്ക പരിശോധിക്കുമ്പോൾ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി വരവിനങ്ങൾ പ്രകാരം ഇല്ല. ആയതിനാൽ ഭരണസമിതി തീരുമാന പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ നിക്ഷേപ തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ച് കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. 12.5.17 ലെ പൊതുഭരണം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തൻവർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ തുടങ്ങി 6 പദ്ധതികൾ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും യാതൊന്നും പൂർത്തീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റിന് (1/2018-സ്പിൽ ഓവർ) തനതു ഫണ്ടിൽ നിന്നും 150000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല. ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പൗരാവകാശ രേഖ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലാത്തതിനാൽ ഇത് നിയമാനുസൃതം പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഘടകസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി തൻവർഷം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ,സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 ഭരണവകുപ്പിന്റെ അനുമതിയില്ലാതെ നടത്തിയ നിയമനങ്ങൾ 1,19,110 /-രൂപ യുടെ ചെലവ് അനുമതിക്ക് വിധേയമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷം ഒഴിവില്ലാത്ത ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീമതി വിനിത.കെ (4/2017 മുതൽ 10/2017 വരെ) , ഒഴിഞ്ഞുകിടക്കുന്ന തമിഴ് ലിംഗ്വിസ്റ്റിക് ക്ലാർക്ക് തസ്തികയിൽ ശ്രീമതി സന്ധ്യ, d/o ഗോപാലകൃഷ്ണൻ, വണ്ടിത്താവളം (11/2017 മുതൽ 03/2018 വരെ)എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട തസ്തികക്ക പുറമെയും, ഒഴിവുള്ള തസ്തികയിലും ജീവനക്കാരെ നിയമിക്കുന്നതിന് പഞ്ചായത്ത് ഭരണവകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ടി വിഷയം പരാമർശിച്ചിട്ടുണ്ട്.ജി.ഒ (പി) നം 28/2016/ധനം26.02.2016, ജി.ഒ (പി) നം. 136/2016 /ധനം/07.09.2016 എന്നിവ പ്രകാരം ദീർഘകാലാടിസ്ഥാനത്തിൽ ആളെ നിയമിച്ച് വേതനം നല്കാവുന്നതല്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 26/17.10.18) പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കും, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾക്കും മതിയായ ജീവനക്കാരില്ലാത്തതിനാൽ ബുദ്ധിമുട്ട്

അനുഭവപ്പെട്ട സാഹചര്യത്തിലാണ് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം നിയമനങ്ങൾ നടത്തിയത് എന്നാണ് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുള്ളത്. എന്നിരുന്നാലും ഭരണവകുപ്പ് മുഖേനയുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനങ്ങൾ നടത്താവുന്നതല്ല.ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തികക്ക് അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ആയതിനാൽ മേൽ ജീവനക്കാർക്ക് ദിവസവേതനമിനത്തിൽ അനുവദിച്ച 1,19,110/-രൂപ യുടെ ചെലവ് അനുമതിക്ക് വിധേയമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | തുക | നൽകിയത് |
|---|---|---|
| 14/3.04.17 | 9000 | ശ്രീമതി<br>വിനിത.കെ ഡാറ്റ എൻട്രി ഓപ്പറേറ്റർ |
| 96/3.05.17 | 9000 | ടി |
| 168/1.06.17 | 9000 | ടി |
| 252/3.07.17 | 9000 | ടി |
| 439/31.08.17 | 11250 | ടി |
| 353/1.08.17 | 11250 | ടി |
| 442/31.08.17 | 1210 | ടി |
| 525/4.10.17 | 7650 | ടി |
| 652/13.11.17 | 10350 | ശ്രീമതി സന്ധ്യ തമിഴ് ലിംഗ്വിസ്റ്റിക് ക്ലാർക്ക് |
| 733/8.12.17 | 10800 | ടി |
| 796/3.01.18 | 10350 | ടി |
| 955/1.02.18 | 10350 | ടി |
| 1035/1.03.18 | 9900 | ടി |
| ആകെ | 1,19,110/- | |

## 3-3 <u>വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല</u>

താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | തുക |
|---|---|---|
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | എൽ.പി.സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും, ലാപ് ടോപ്പ് അനുബന്ധ ഉപകരണങ്ങളും വാങ്ങൾ പദ്ധതി(135/18) | 316000 |
| | ഗവ.എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ(134/18) | 355180 |
| വെറ്ററിനറി സർജൻ | മൃഗാശുപത്രിക്ക് ഫർണിച്ചർ(169/18) | 123511 |
| അസി.സെക്രട്ടറി | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്( 195/18) | 295889 |
| | സൈക്കിൾ വിതരണം - പട്ടികജാതി(192/18) | 295762 |
| | സൈക്കിൾ വിതരണം - പട്ടികവർഗ്ഗം(192/18) | 239820 |

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി) 3/2013 എസ്.പി.ഡി 21.06.2013, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ല.ഇതുപ്രകാരം പ്രൊക്വർമെന്റ് കമ്മിറ്റി വാർഷിക വാങ്ങൽ പദ്ധതി പ്ലാൻ ചെയ്യേണ്ടതും പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ മേൽപ്പറഞ്ഞ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല . പ്രൊക്യുർമെന്റ് കമ്മിറ്റി വിവിധ ടെണ്ടറുകൾ വിളിക്കുന്നതിന് തീരുമാനമെടുക്കുന്നതായി മാത്രമാണ് പ്രൊക്യുർമെന്റ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം കാണുന്നത്. എന്നാൽ ടെണ്ടറുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി വിലയിരുത്തുകയോ, തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ശുപാർശയാണ് ഭരണ സമിതി അംഗീകരിക്കേണ്ടതെന്ന നടപടിക്രമം പാലിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കുന്ന പക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-4 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി - സമൃദ്ധി നെൽകൃഷി (72/18)

അടങ്കൽ - 33150000 (ജില്ലാ പഞ്ചായത്ത് വിഹിതം 4143750/-,ബ്ലോക്ക് വിഹിതം 4143750/-,ഗ്രാമ പഞ്ചായത്ത് വിഹിതം 8287500/- മറ്റുള്ളവ 16575000/-)

ചെലവ് - 10478363/- (ഗ്രാമ പഞ്ചായത്ത് വിഹിതം 8287500/-, ബ്ലോക്ക് വിഹിതം - 2190863/-)

1. ഉഴവുകൂലി വിതരണം - ഈ പദ്ധതി പ്രകാരം കർഷകർക്ക് ഉഴവുകൂലി വിതരണം ചെയ്തതിൽ ഒടച്ചിറ പാടശേഖരസമിതിയിലെ 62 കർഷകർക്ക് രണ്ടുതവണ ധനസഹായം നൽകിയിട്ടുണ്ട്. ആദ്യം ട്രഷറിബിൽ നം.6.1.2018 പ്രകാരം 329726/-രൂപയും, പിന്നീട് ട്രഷറിബിൽ നം. 8/29.1.18 പ്രകാരം മാറിയ 3088553/- രൂപയിൽ നിന്ന് വീണ്ടും 329726/-രൂപ ഒടച്ചിറ പാടശേഖര സമിതിയിലെ കർഷകർക്ക് അനുവദിച്ചു. പിന്നീട് കണ്ടെത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് കാലയളവിൽ12.10.2018 തിയതിയിൽ ചലാൻ നം.7011924 പ്രകാരം 329726/-രൂപ "3604-00-911-99-ROP" എന്ന ശീർഷകത്തിൽ അടവാക്കി രശീത് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തു.

പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടത്താതിരുന്നതാണ് ഇത്തരം വലിയ അപാകത സംഭവിക്കാൻ കാരണമായിട്ടുള്ളത്. മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2. വകയിരുത്തിയ തുക മുഴുവനും ലഭ്യമാക്കി കർഷകർക്ക് നൽകിയില്ല.

ഈ പദ്ധതിക്കായി വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം 4143750/- രൂപ ലഭ്യമായിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം ആവശ്യപ്പെടാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 15(1)24.2.2108 എടുത്തതായി കാണുന്നുണ്ടെങ്കിലും തുക ലഭ്യമാക്കി തൻ വർഷം കർഷകർക്ക് നൽകിയിട്ടില്ല. ബ്ലോക്ക് വിഹിതം 4143750/ വകയിരുത്തിയതിൽ 2190863/- രൂപയാണ് പദ്ധതിക്കായി ലഭ്യമായി ചെലവു ചെയ്തിട്ടുള്ളത്. അതാതു സാമ്പത്തിക വർഷം കർഷകർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 10/12.10.2018) മറുപടിയിൽ പറയുന്നത് ജില്ലാ പഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. തുക ഈ വർഷം അനുവദിച്ചു വന്നതിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട് എന്നാണ്.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ട്രഷറി ബിൽ നം. 01/28.12.17 - ചെലവ് - 312500/-

വർക്കിംഗ് ഗ്രൂപ്പ് - മൃഗസംരക്ഷണം, ക്ഷീരവികസനം

2017-18 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം.80/18) പ്രകാരം വികസന ഫണ്ടിൽ നിന്നും 312500/- രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാടിന് (അക്കൗണ്ട് നം.71402140000008) നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.16/15.10.2018 നുള്ള മറുപടിയിൽ ഇതുവരെ വിനിയോഗിച്ച തുകക്കുള്ള സാക്ഷ്യപത്രം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് കത്ത് നൽകുന്ന മുറയ്ക്ക് ലഭിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-6 പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവ് തുക വകയിരുത്തി

പദ്ധതി - ക്ഷീര കർഷകർക്ക് പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് (156/18)

അടങ്കൽ - 1623011/- രൂപ. (വികസന ഫണ്ട് - 812640/- ,ബ്ലോക്ക് പഞ്ചായത്ത് ഷെയർ-310371/-, ജില്ലാപഞ്ചായത്ത് ഷെയർ-500000/-)

ചെലവ് -1623011/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

പഞ്ചായത്തിലെ ആകെ 10 ക്ഷീരസംഘങ്ങളിലായി 953 ക്ഷീരകർഷകർക്ക് 2017 ഏപ്രിൽ മുതൽ ഒരു ലിറ്റർ പാലിന് 3 രൂപ

പ്രകാരം ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ബോണസ് എന്ന രീതിയിൽ സർക്കാർ സബ്സിഡിമാർഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം ഏപ്രിൽ മാസം ലിറ്ററിന് 2.344153/-രൂപ, മെയ് മാസം 15 ദിവസത്തേയ്ക്ക് ലിറ്ററിന് 2/- രൂപ മാത്രമാണ് ആകെ തുക കർഷകന് അനുവദിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ഇൻസെന്റീവ് നൽകിയിട്ടില്ല. അർഹമായതിലും കുറഞ്ഞ നിരക്കിലാണ് കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീര കർഷകർക്ക് പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് അർഹമായത് മുഴുവൻ വർഷത്തേക്ക് നൽകുന്നതിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല.

അപാകതകൾ

- മെയ് 15 മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള തുക കർഷകർക്ക് അനുവദിച്ചിട്ടില്ല.

- പദ്ധതി മാർഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നതിന് ആവശ്യമായ മുഴുവൻ തുകയും പദ്ധതിയിൽ വകയിരുത്തിയിട്ടില്ല.
- പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

കർഷകർക്ക് അർഹമായ തുക പ്രൊജക്ടിൽ വകയിരുത്തി നൽകുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.27/20.10.2018) മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ നിർബന്ധിത വകയിരുത്തലുകൾക്കു ശേഷമുള്ള തുകയാണ് അനുവദിക്കുന്നത്. ഭാവിയിൽ ആവശ്യമായി വരുന്ന തുക മുഴുവനും വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതാണ് എന്നാണ് പറയുന്നത്.

## 3-7 ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറക്കേണ്ടതാണ്

നിലവിൽ 97 പൊതുടാപ്പുകൾക്ക് 42438/-രൂപ വെള്ളക്കരമിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധനയുടെ ഫയൽ പരിശോധിച്ചതിൽ 18.03.2015 നാണ് അവസാനമായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിയിട്ടുള്ളതെന്ന് കാണുന്നു. പിന്നീട് ഉപയോഗശൂന്യമായ ടാപ്പുകൾ നിരത്തലാക്കിയതിന്റെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ നിലവിലെ കൃത്യമായ എണ്ണം നിജപ്പെടുത്തി ഉപയോഗിക്കുന്നവക്കു മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമായ തീരുമാനം കൈക്കൊണ്ടതിലൂടെ 71925/-രൂപയുടെ അധികച്ചെലവിനിടയായി

സാമ്പത്തിക വർഷം തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് 2.08.17ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഇലക്ട്രിക്കൽ കരാറുകാരനായ ശ്രീ മണികണ്ഠൻ, അപസ്മാർകോവിൽ, നന്ദിയോട് എന്നവർ റിപ്പയർ ചാർജിന് പോസ്റ്റ് ഒന്നിന് 100/-രൂപ എന്ന നിരക്കിൽ ക്വാട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 3(2)/3.8.17 പ്രകാരം പ്രസ്തുത നിരക്ക് അനുവദിക്കുവാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ടിയാൾ സാമ്പത്തിക വർഷം നിർവ്വഹിച്ച അറ്റകുറ്റപണികൾക്ക് ഭരണസമിതി തീരുമാനം നമ്പർ 20(1)/26.9.2017 പ്രകാരം 175/-രൂപ നിരക്കിൽ റിപ്പയർ ചാർജ് അനുവദിച്ചിട്ടുണ്ട്.

ടി സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -29/20.08.18) റിപ്പയർ നിരക്ക് 100.00 രൂപ അപര്യാപ്തമായതിയനാൽ ചാർജ് വർദ്ധന കരാറുകാരൻ ആവശ്യപ്പെട്ടതിനാലാണ് അപ്രകാരം അനുവദിച്ചതെന്ന മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്. ക്വട്ടേഷൻ സ്വീകരിച്ചതിനു ശേഷം നിരക്ക് വർദ്ധിപ്പിച്ചു നൽകിയ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ അധികം നൽകിയ തുക 71925/- തിരികെ ഈടാക്കേണ്ടതാണ്. ചെലവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | തുക | റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം | നൽകേണ്ട തുക | അധികച്ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 506/26.09.17 | 19600 | 112 | 11200 | 8400 |
| 551/10.10.17 | 23800 | 136 | 13600 | 10200 |
| 574/19.10.17 | 19950 | 114 | 11400 | 8550 |
| 614/2.11.17 | 16800 | 96 | 9600 | 7200 |
| 648/13.11.17 | 19250 | 110 | 11000 | 8250 |
| 684/29.11.17 | 27300 | 156 | 15600 | 11700 |
| 747/13.12.17 | 30625 | 175 | 17500 | 13125 |
| 812/4.01.18 | 10500 | 60 | 6000 | 4500 |
| ആകെ | 167825 | 959 | 95900 | 71925 |

മേൽ പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമായ തീരുമാനം കൈക്കൊണ്ടതിലൂടെ തെരുവ് വിളക്ക് അറ്റകുറ്റപണിയിൽ 71925/-രൂപയുടെ അധികച്ചെലവിനിടയായിട്ടുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ കൃത്യമായ മോണിട്ടറിങ്ങ് റിപ്പോർട്ടുകളുടെ അഭാവത്തിൽ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതുംഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ,പരാതി രജിസ്റ്റർ സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനത്തിൽ ആയതിന്റെ ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ് (ഊർജ്ജം),ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റികൾ എന്നിവരുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 3-9 ഡെപ്പോസിറ്റ് പ്രവർത്തികൾ - എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | പ്രൊജക്ട് | ബിൽ നം/തീയതി | തുക | നൽകിയത് |
|---|---|---|---|---|---|---|
| 1 | 85/18 | CFC grant-2898713<br>വികസന ഫണ്ട്(ജനറൽ)- | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 31/18.12.18<br>32/18.12.18<br>39/12.03.18 | 2102713<br>609592<br>796000 | KSEB, വണ്ടിത്താവളം |

| | | | | | | |
|---|---|---|---|---|---|---|
| | | 609592<br>തനത് ഫണ്ട്-204000<br>MLA Fund-1000000 | | | | |
| | ആകെ | 4712305 | | | 3508305 | |
| 2 | 150/18 | TSP-3154000<br>CFC - 1500000 | കുന്നങ്കാട്ടുപതി കുടിവെള്ളപദ്ധതി | 19/17.10.17<br>22/19.10.17<br>40/20.03.18 | 1500000<br>2461619<br>692381 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, ചിറ്റൂർ |
| | ആകെ | 4654000 | | | 4654000 | |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന് കാണുന്നു. കുടിവെള്ള പദ്ധതികൾക്കായി നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിയുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടണമെന്ന് സർക്കാർ ഉത്തരവ് (സാധാരണ)നം.1372/2013/ത.സ്വ.ഭ.വ, തീയതി.25-05-2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വൈദ്യുത വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ കെ.എസ്.ഇ.ബി യും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

പദ്ധതികളുടെ എസ്റ്റിമേറ്റ് മുഴുവനായും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്രമ നം 1 പ്രകാരമുള്ള പദ്ധതിക്ക് അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വണ്ടിത്താവളം ലഭ്യമാക്കിയ 33,22900/- ത്തിന്റെ എസ്റ്റിമേറ്റ്, ക്രമ നം 2 പ്രകാരമുള്ള പദ്ധതിക്ക് അസി.എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി, പി.എച്ച് സെക്ഷൻ, ചിറ്റൂർ ലഭ്യമാക്കിയ 1330000/-ത്തിന്റെ എസ്റ്റിമേറ്റ് എന്നിവ മാത്രമാണ് ഫയലിൽ ഉള്ളത്.

പദ്ധതികളുടെ എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതാത് സ്ഥാപനങ്ങളുമായി കരാർ ചമച്ച് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം മോണിട്ടറിങ്ങ് ചുമതലയുള്ള ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ (ഊർജ്ജം, കുടിവെള്ളം) നിരീക്ഷിക്കേണ്ടതാണ്.

## 3-10 കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത് ബാക്കി തുക വിനിയോഗം - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഭരണസമിതിയുടെ 03.08.2017 ലെ 8(1)--ാം നമ്പർ തീരുമാനപ്രകാരം 2013-14, 2014-15 വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള വിവിധ

പദ്ധതികളിലായി 5,53,773/-രൂപ അധികം വന്നിട്ടുണ്ടെന്നും ഈ തുക വിനിയോഗിച്ച് താഴെ പറയുന്ന സ്ഥലങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് യോഗം കേരള വാട്ടർ അതോറിറ്റിയിടെ എക്സി.എഞ്ചിനീയറോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട് .

1. വേമ്പ്രമലമേട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

2. കോരിയാർചള്ള ബോർവെല്ലിൽ നിന്ന് പൈപ്പ് കണക്ഷൻ

3. പാറക്കളം സ്കൂൾ കുടിവെള്ളകണക്ഷൻ

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/15.10.18) ലഭ്യമായ മറുപടി പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കയാണ് എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് യൂട്ടിലൈസേഷൻ സമർപ്പിക്കുന്നതാണ് എന്നുമാണ്.

എന്നാൽ മേൽ തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയതിന്റെയോ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയോ വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം 553773/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

# 3-11 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- പൊതുഅവലോകനം

1. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 50സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 111 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 67 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 59377321/- രൂപയിൽ 19975551/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 33.64% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

സ്പിൽ ഓവർ പ്രൊജക്ടുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും സാമ്പത്തികവർഷത്തെ ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്ടിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്റർ - പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. തൻ വർഷത്തെ രജിസ്റ്റർ പേജ് 25 – 45 blank ആയി കാണുന്നു . വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച കരാറുകാരന്റെ

വിവരങ്ങൾ എല്ലാത്തിലും ചേർത്തിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ എ.ഇ. ഒപ്പുവെച്ചിട്ടില്ല.

2. എഗ്രിമെന്റ് രജിസ്റ്റർ - രജിസ്റ്ററിൽ Sl.no.-25 മുതൽ കരാറിന്റെ എല്ലാ വിശദാംശങ്ങളും ചേർത്തിട്ടില്ല.

3. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ - എ.ഇ. ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

4. നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ Supplementry agreement വെച്ചിട്ടില്ല.

5. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

6. വർക്ക് ഫയലുകളിൽ സാങ്കേതികാനുമതിയുടെ പകർപ്പ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. സെലക്ഷൻ നോട്ടീസ് അയച്ചതിൽ തീയതികളിൽ വ്യാപകമായ തിരുത്തലുകൾ കാണുന്നു, മിക്കവാറും ട്രഷറി ബില്ലുകളിൽ എ.ഇ. ഒപ്പുവെച്ചിട്ടില്ല.

7. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

8. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

## 3-12 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷത്തിൽ അംഗീകരിച്ചിട്ടുള്ളതും 2017-18 ൽ സ്പിൽ ഓവർ ആയിട്ടുള്ളതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ച് ഫൈനൽബിൽ നൽകിയിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| ക്രമനം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | മരുതംപാറ റോഡ് മെയിന്റനൻസ്, 8/18 | 330000 |
| 2. | പ്ലാച്ചിമട എസ്.ടി. കോളനി റോഡ് പുനരുദ്ധാരണം, 36/18 | 495000 |
| 3. | കുറക്കൻ കുളമ്പ് റോഡ് മെയിന്റനൻസ്, 43/18 | 115000 |
| 4. | വൃദ്ധസദനം നിർമ്മിക്കൽ, 45/18 | 1500000 |
| 5. | മേൽപ്പാടം റോഡ് പുനരുദ്ധാരണം, 46/18 | 495000 |
| 6. | നടുപ്പതി എസ്.ടി. കോളനി പൊതുകിണർ നിർമ്മാണം, 49/18 | 570000 |

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.10.18) ലഭ്യമായ മറുപടി മരുതംപാറ റോഡ് മെയിന്റനൻസ് , പ്ലാച്ചിമട എസ്.ടി. കോളനി റോഡ് പുനരുദ്ധാരണം, മേൽപ്പാടം റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ 31.3.18ന് മുൻപ് പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും അലോട്ട്മെന്റ് കിട്ടാത്തതിനാൽ ബിൽ സമർപ്പിക്കാൻ സാധിച്ചില്ല എന്നും കുറക്കൻ കുളമ്പ് റോഡ് മെയിന്റനൻസ് പ്രവൃത്തിയ്ക്ക് വകയിരുത്തിയിരുന്നത് ലോകബാങ്ക് ഫണ്ടായതിനാൽ അതിന്റെ സമയപരിധിയായ 31.12.17 നകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടായിരുന്നില്ലാത്തതുമൂലം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ഫണ്ടില്ലാത്തതിനാൽ പദ്ധതി ക്യാൻസൽ ചെയ്തു എന്നും വൃദ്ധസദനം നിർമ്മിക്കൽ പ്രവൃത്തിയ്ക്ക് ഉദ്ദേശിച്ചിരുന്ന സ്ഥലത്തിനു മുകളിലൂടെ 11KV ലൈൻ കടന്നു പോകുന്നതിനാൽ സ്ഥലം മാറ്റി ചെയ്യുന്നതിനുള്ള തീരുമാനം ലഭിച്ചത് 6.12.17 നാണ്. അതിനു ശേഷമാണ് പ്രവൃത്തി തുടങ്ങിയത് .കൂടാതെ നട്ടുപതി എസ്.ടി. കോളനി പൊതുകിണർ നിർമ്മാണം പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി ക്യാൻസൽ ചെയ്തു എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-13 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയത് | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1. | സർക്കാർപതി ST കോളനി റോഡ് പുനരുദ്ധാരണം ( 96/17), PAC – 359054/- | 3.2.17 | 17.2.17 | 25.2.17 വിജയകുമാർ | 3590 |
| 2 | വവ്വാക്കോട് അങ്കണവാടി കെട്ടിടം പുനരുദ്ധാരണം ( 110/17), PAC – 225030/- | 3.2.17 | 17.2.17 | 25.2.17 വിജയകുമാർ | 2250 |
| 3 | വിളയോടിത്തറ റോഡ് മെയിന്റനൻസ് (6 /18), PAC -226388/- | 5.1.17 | 19.1.17 | 25.1.17 കെ.ഹരിദാസ് | 2264 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ ₹. 8104/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.10.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്

## 3-14 പദ്ധതി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ നിശ്ചിത കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ

ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കൂടാതെ ദീർഘിപ്പിക്കലിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ലഭ്യമായിട്ടില്ല. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി. അംഗീകാരം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

I. റോഡിതരപ്രവൃത്തികൾ

1. വവ്വാക്കോട് അങ്കണവാടി അറ്റകുറ്റപ്പണികൾ

പ്രൊജക്റ്റ്നം. - 110/17

പി.എ.സി.-225030/-

ചെലവ്- ബിൽ നം .നം- 67/28.3.18 തുക – 152364/-

അളവു പുസ്തകം- 78/16-17

കരാറുകാരൻ- ശ്രീ. വിജയകുമാർ

എഗ്രിമെൻറ് നം-54/ 25-02-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -24.6.17 (4 മാസം)

പൂർത്തീകരിച്ച തീയതി-19.3.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

25.06.2017 മുതൽ 18.07. 2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

19.07.17മുതൽ 18 .10.17വരെ: @1% = 2250/-

19 .10.17മുതൽ 18-1 -18 വരെ: @2%= 4500/-

19.1.2018മുതൽ 18-03-18വരെ: @2%- 2950/-(59 ദിവസം)

ഈടാക്കേണ്ട ആകെ പിഴ : 9700/-

ഈടാക്കിയത് - 1524/-

ബാക്കി ഈടാക്കേണ്ടത് - 8176/-

2 . നെല്ലിമേട് PHC റൂഫ് എക്സ്റ്റൻഷൻ,ഗ്രിൽ ഫിക്സിംഗ്

പ്രൊജക്റ്റ്നം. -153/17

പി.എ.സി- 361862/-

ചെലവ്- ബിൽ നം .53/2017-18 Dt.8-03-2018 തുക – 302979/-

അളവു പുസ്തകം- 60/16 ,61/16

കരാറുകാരൻ- ശ്രീ.എസ്. ഷാജി

എഗ്രിമെൻറ് നം-64/ dt.28.3.2017

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -27.7.17

പൂർത്തീകരിച്ച തീയതി- 22.1.2018

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

28-07-2017 മുതൽ 20-08-2017 വരെ (ഗ്രേസ് പിരിയഡ് )= 0 .00

21.08.17 മുതൽ 20 .11.17വരെ: @1% = 3619/-

21 .11.17മുതൽ 21.1.18 വരെ: @2%= 4986/-(62 ദിവസം )

ഈടാക്കേണ്ട ആകെ പിഴ : 8605/-

പിഴ അടവാക്കിയത്- 3030/-

ബാക്കി ഈടാക്കേണ്ടത് -5575/-

II റോഡ് ടാറിംഗ് പ്രവൃത്തികൾ

2016-17 ൽ ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി തുടർന്നതുമായ ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് - 32എണ്ണം - ടാർ ലഭ്യമാകുന്നതിന് വൈകി എന്നും ടാർ ലഭ്യമായപ്പോൾ മഴ കാരണം പ്രവൃത്തി നടന്നില്ല എന്ന കാരണത്താൽ പൂർത്തീകരണ സമയം 31.03.17ൽ നിന്നും 28.02.18 വരെ പിഴ കൂടാതെ ദീർഘിപ്പിച്ച് ഭരണസമിതി തീരുമാനം(29(2)/07.12.17) എടുത്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ എല്ലാത്തിന്റെയും ഫയലിൽ ഇത് തെളിയിക്കുന്നതിനാവശ്യമായ എഗ്രിമെന്റ് കാലാവധിക്കുള്ളിലുള്ള അപേക്ഷയോ എ.ഇ. യുടെ ശുപാർശയോ ഇല്ല. ബിറ്റുമിൻ ലഭ്യമായത് വൈകി എന്നതിന് പല ഫയലിലും Bitumin original bill ഇല്ല. കൂടാതെ പഞ്ചായത്തിലെ പല പ്രവൃത്തികളിലും 31.5.17 നകം ബിറ്റുമിൻ ലഭ്യമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നിരിക്കെ ടാർ ലഭ്യമാകുന്നതിന് വൈകി എന്നുള്ള കാരണം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കത്ത വിധത്തിൽ സാധന സാമഗ്രികൾ സംഭരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. കേരള പൊതുമരാമത്ത് മാന്വൽ (2012) ലെ നിർദ്ദേശ പൂർത്തീകരണ സമയം ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ് അത്). പരമാവധി extention ഒറിജിനൽ time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല. കേരള പൊതുമരാമത്ത് മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. മേൽക്കാരണങ്ങളാൽ ഈ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും താഴെ സൂചിപ്പിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

1. തട്ടാൻചള്ള റോഡ് മെയിന്റനൻസ് (73/17)

പി.എ.സി. -256487/-

ചെലവ്- ബിൽ നം .59/15.3.18 , തുക – 259900/-

അളവു പുസ്തകം- 69/16-17

കരാറുകാരൻ- ശ്രീ. ആർ.ബോസ്

എഗ്രിമെൻറ് നം- 47/ 15-02-17 (സൈറ്റ് 16.2.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 15.06.17(4മാസം- ടെണ്ടർ ഷെഡ്യൂൾ,

സാങ്കേതികാനുമതി എന്നിവ പ്രകാരം)

പൂർത്തീകരിച്ച തീയതി- 06.03.18

ഈടാക്കേണ്ട പിഴ

15.6.17മുതൽ 8.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

9.7.17 മുതൽ 8.10.17വരെ: @1% = 2565/-

9.10.17മുതൽ 8.1.18 വരെ: @2%= 5130/-

9.1.18മുതൽ 5.3.18 വരെ: @2%- 3192/-

ഈടാക്കേണ്ടആകെ പിഴ : 10887/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 10887/-

2. കോരിയാർചള്ള മല്ലൻചള്ള റോഡ് മെയിന്റനൻസ് (59/17)

പി.എ.സി. -491305/-

ചെലവ്- ബിൽ നം .64/28.3.18, തുക – 486079 /-

അളവു പുസ്തകം- 77/16-17

കരാറുകാരൻ- ശ്രീ. വിജയകുമാർ

എഗ്രിമെൻറ് നം- 26/ 25.1.17(സൈറ്റ് 27.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -24.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 23.3.18

ഈടാക്കേണ്ട പിഴ

25.5.17മുതൽ 19.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

20.6.17 മുതൽ 19.9.17വരെ: @1% = 4913/-

20.9.17മുതൽ 19.12.17 വരെ: @2%= 9826/-

20.12.17മുതൽ 19.3.18 വരെ: @2%- 9826/-

20.3.18മുതൽ 23.3.18 വരെ: @2%- 327/

ഈടാക്കേണ്ടആകെ പിഴ : 24892/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 24892/-

3. കരടിക്കുന്ന് റോഡ് മെയിന്റനൻസ് (69/17)

പി.എ.സി. - 491488/-

ചെലവ്- ബിൽ നം .65/28-03-2018 തുക – 489875/-

അളവു പുസ്തകം- 74/16-17

കരാറുകാരൻ- ശ്രീ.  ആർ ശശികുമാർ

എഗ്രിമെൻറ് നം- 35/ 7.2.17(സൈറ്റ് 8.2.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 8.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 23.3.18

<u>ഈടാക്കേണ്ട പിഴ</u>

8.6.17 മുതൽ 1.7.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

2.7.17മുതൽ 1.10.17വരെ: @1% = 4915/-

2.10.17മുതൽ1.1.18 വരെ: @2%= 9830/-

2.1.18മുതൽ 22.3.18 വരെ: @2%- 8738/-

ഈടാക്കേണ്ടആകെ പിഴ : 23483/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 23483/-

4. ചിന്നപ്പൻചള്ള റോഡ് മെയിന്റനൻസ് (57/17)

പി.എ.സി. -210603/-

ചെലവ്- ബിൽ നം .60/15.3.18 , തുക – 214043/-

അളവു പുസ്തകം- 70/16-17

കരാറുകാരൻ- ശ്രീ. ആർ.ബോസ്

എഗ്രിമെൻറ് നം- 12/ 18-01-17 (സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 07.03.18

<u>ഈടാക്കേണ്ട പിഴ</u>

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 2106/-

12.9.17മുതൽ 11.12.17 വരെ: @2%= 4212/-

12.12.17മുതൽ 6.3.18 വരെ: @2%- 3978/-

ഈടാക്കേണ്ടആകെ പിഴ : 10296/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 10296/-

5. വളയമ്പാറ ഖാദി ബോർഡ് റോഡ് മെയിന്റനൻസ് (57/17)

പി.എ.സി. -321877/-

ചെലവ്- ബിൽ നം .58/5.3.18 , തുക – 325000/-

അളവു പുസ്തകം- 68/16-17

കരാറുകാരൻ- ശ്രീ. ആർ.ബോസ്

എഗ്രിമെൻറ് നം- 14/ 18-01-17 (സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 05.03.18

ഈടാക്കേണ്ട പിഴ

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 3219/-

12.9.17മുതൽ 11.12.17 വരെ: @2%= 6438/-

12.12.17മുതൽ 4.3.18 വരെ: @2%- 5937/-

ഈടാക്കേണ്ടആകെ പിഴ : 15594/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 15594/-

6. വളയമ്പാറ റോഡ് മെയിന്റനൻസ് (70/17)

പി.എ.സി. -340754/-

ചെലവ്- ബിൽ നം .57/9.3.18 , തുക – 340900/-

അളവു പുസ്തകം- 67/16-17

കരാറുകാരൻ- ശ്രീ. ആർ.ബോസ്

എഗ്രിമെൻറ് നം- 13/ 18-01-17(സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 28.02.18

ഈടാക്കേണ്ട പിഴ

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 3407/-

12.9.17മുതൽ 11.12.17 വരെ: @2%= 6815/-

12.12.17മുതൽ 27.2.18 വരെ: @2%- 5906/-

ഈടാക്കേണ്ടആകെ പിഴ : 16128/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് – 16128/-

7. വിളയോടിത്തറ റോഡ് മെയിന്റനൻസ്

പി.എ.സി. -226388/-

ചെലവ്- ബിൽ നം .32/.2.18 , തുക – 230000/-

അളവു പുസ്തകം- 58/16-17

കരാറുകാരൻ- ശ്രീ. കെ. ഹരിദാസ്

എഗ്രിമെൻറ് നം- 27/ 25-01-17(സൈറ്റ് 27.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 27.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 05.02.18

<u>ഈടാക്കേണ്ട പിഴ</u>

27.5.17മുതൽ 19.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

20.6.17 മുതൽ 19.9.17വരെ: @1% = 2264/-

20.9.17മുതൽ 19.12.17 വരെ: @2%= 4528/-

20.12.17മുതൽ 4.2.18 വരെ: @2%- 2365/-

ഈടാക്കേണ്ടആകെ പിഴ : 9157/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 9157/-

8. തണ്ണീർക്കുണ്ട് റോഡ് മെയിന്റനൻസ്

പി.എ.സി. - 159584/-

ചെലവ്- ബിൽ നം .56/8.3.18 , തുക – 160240/-

അളവു പുസ്തകം- 65/16-17

കരാറുകാരൻ- ശ്രീ. ആർ.ശശികുമാർ

എഗ്രിമെൻറ് നം- 9/ 18-01-17(സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 6.02.18

<u>ഈടാക്കേണ്ട പിഴ</u>

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 1596/-

12.9.17മുതൽ 11.12.17 വരെ: @2%= 3192/-

12.12.17മുതൽ 5.2.18 വരെ: @2%- 1986/-

ഈടാക്കേണ്ടആകെ പിഴ : 6774/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 6774/-

9. കരിക്കുളം റോഡ് മെയിന്റനൻസ് (51/17)

പി.എ.സി. - 132071/-

ചെലവ്- ബിൽ നം .55/8.3.18 , തുക – 132500/-

അളവു പുസ്തകം- 64/16

കരാറുകാരൻ- ശ്രീ. ആർ.ശശികുമാർ

എഗ്രിമെൻറ് നം- 7/ 18-01-17(സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 6.02.18

ഈടാക്കേണ്ട പിഴ

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 1321/-

12.9.17മുതൽ 11.12.17 വരെ: @2%= 2641/-

12.12.17മുതൽ 5.2.18 വരെ: @2%- 1643/-

ഈടാക്കേണ്ടആകെ പിഴ : 5605/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 5605/-

10. പുത്തൻചള്ള റോഡ് മെയിന്റനൻസ് (60/17)

പി.എ.സി. - 491620/-

ചെലവ്- ബിൽ നം .52/5.3.18 , തുക – 491666/-

അളവു പുസ്തകം- 63/16

കരാറുകാരൻ- ശ്രീ. ആർ.ശശികുമാർ

എഗ്രിമെൻറ് നം- 9/ 18-01-17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 18.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 5.02.18

<u>ഈടാക്കേണ്ട പിഴ</u>

18.5.17മുതൽ 10.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

11.6.17 മുതൽ 10.9.17വരെ: @1% = 4916/-

11.9.17മുതൽ 10.12.17 വരെ: @2%= 9832/-

11.12.17മുതൽ 4.2.18 വരെ: @2%- 6118/-

ഈടാക്കേണ്ടആകെ പിഴ : 20866/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 20866/-

11. കൈകാട്ടി മോളക്കാട് റോഡ് മെയിന്റനൻസ് (94/17)

പി.എ.സി. - 491305/-

ചെലവ്- ബിൽ നം .50/28.2.18 , തുക – 495000/-

അളവു പുസ്തകം- 43/16

കരാറുകാരൻ- ശ്രീ. സി.ഷൺമുഖൻ

എഗ്രിമെൻറ് നം- 6/ 11-01-17(സൈറ്റ്-13.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 13.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 27.12.18

<u>ഈടാക്കേണ്ട പിഴ</u>

13.5.17മുതൽ 5.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

6.6.17 മുതൽ 5.9.17വരെ: @1% = 4913/-

6.9.17മുതൽ 5.12.17 വരെ: @2%= 9826/-

6.12.17മുതൽ 26.12.17 വരെ: @2%- 2293/-

ഈടാക്കേണ്ട ആകെ പിഴ : 17032/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 17032/-

12. അപസ്മാർ കോവിൽ റോഡ് മെയിന്റനൻസ് (56/17)

പി.എ.സി. - 261139/-

ചെലവ്- ബിൽ നം .33/24.2.18 , തുക – 265000/-

അളവ് പുസ്തകം- 59/16-17

കരാറുകാരൻ- ശ്രീ. ആർ.ബോസ്

എഗ്രിമെൻറ് നം- 11/ 18-01-17(സൈറ്റ് 19.1.17)

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.05.17(4മാസം ടെണ്ടർ ഷെഡ്യൂൾപ്രകാരം)

പൂർത്തീകരിച്ച തീയതി- 23.02.18

<u>ഈടാക്കേണ്ട പിഴ</u>

19.5.17മുതൽ 11.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17 മുതൽ 11.9.17വരെ: @1% = 2611/-

12.9.17മുതൽ 11.12.17 വരെ: @2%= 5223/-

12.12.17മുതൽ 22.2.18 വരെ: @2%- 4236/-

ഈടാക്കേണ്ടആകെ പിഴ : 12070/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 12070/-

13. എരിമേട് റോഡ് മെയിന്റനൻസ് (64/17)

പി.എ.സി. - 496561/-

ചെലവ്- ബിൽ നം. 28/-2-2018 , തുക – 499560/-

അളവ് പുസ്തകം- 54/16-17

കരാറുകാരൻ- ശ്രീ. ഷാജി

എഗ്രിമെൻറ് നം- 29/4.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 4.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 16.1.18

<u>ഈടാക്കേണ്ട പിഴ</u>

4.6.17 മുതൽ 27.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

28.6.17മുതൽ 27.9.17വരെ: @1% = 4966/-

28.9.17മുതൽ 27.12.17 വരെ: @2%= 9931/-

28.12.17മുതൽ 15.1.18 വരെ: @2%- 2097/-

ഈടാക്കേണ്ടആകെ പിഴ : 16994/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 16994/-

14. മുള്ളൻതോട് സിൽവംപതി റോഡ് മെയിന്റനൻസ് (63/17)

പി.എ.സി. - 481336/-

ചെലവ്- ബിൽ നം. 29/-2-2018 , തുക – 485000/-

അളവു പുസ്തകം- 56/16-17

കരാറുകാരൻ- ശ്രീ. ഷാജി

എഗ്രിമെൻറ് നം- 42/15.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 15.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 15.1.18

ഈടാക്കേണ്ട പിഴ

15.6.17 മുതൽ 8.7.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

9.7.17മുതൽ 8.10.17വരെ: @1% = 4813/-

9.10.17മുതൽ 8.1.18 വരെ: @2%= 9627/-

9.1.18മുതൽ 14.1.18 വരെ: @2%- 642/-

ഈടാക്കേണ്ടആകെ പിഴ : 15082/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 15082/-

15. കുളപ്പുരക്കാട് കുഞ്ചുമേനോൻചള്ള റോഡ് മെയിന്റനൻസ് (68/17)

പി.എ.സി. - 490945/-

ചെലവ്- ബിൽ നം. 30/-2-2018 , തുക – 495000/-

അളവു പുസ്തകം- 55/16-17

കരാറുകാരൻ- ശ്രീ. ഷാജി

എഗ്രിമെൻറ് നം- 24/23.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 23.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 18.1.18

ഈടാക്കേണ്ട പിഴ

23. 5.17 മുതൽ 15.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

16.6.17മുതൽ 15.9.17വരെ: @1% = 4909/-

16.9.17മുതൽ15.12.17 വരെ: @2%= 9819/-

16.12.17മുതൽ 17.1.18 വരെ: @2%- 3600/-

ഈടാക്കേണ്ടആകെ പിഴ : 18328/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 18328/-

16. കല്ലൻതോട് മെഡിക്കൽ കോളേജ് റോഡ് മെയിന്റനൻസ് (/17)

പി.എ.സി. - 491691/-

ചെലവ്- ബിൽ നം. 31/-2-2018 , തുക – 495000/-

അളവു പുസ്തകം- 57/16-17

കരാറുകാരൻ- ശ്രീ. വിജയകുമാർ

എഗ്രിമെൻറ് നം- 25/25.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 25.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 14.2.18

ഈടാക്കേണ്ട പിഴ

25.5.17 മുതൽ 17.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

18.6.17മുതൽ 17.9.17വരെ: @1% = 4917/-

18.9.17മുതൽ17.12.17 വരെ: @2%= 9834/-

18.12.17മുതൽ 13.2.18 വരെ: @2%- 6337/-

ഈടാക്കേണ്ടആകെ പിഴ : 21088/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് – 21088/-

17. ഏറാട്ടുചള്ള റോഡ് മെയിന്റനൻസ് (74/17)

പി.എ.സി. - 495000/-

ചെലവ്- ബിൽ നം. 12/30-1-2018 , തുക – 492380/-

അളവു പുസ്തകം- 32/16-17

കരാറുകാരൻ- ശ്രീ. രാമകൃഷ്ണൻ

എഗ്രിമെൻറ് നം- 41/10.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 10.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 22.12.17

ഈടാക്കേണ്ട പിഴ

10.6.17 മുതൽ 4.7.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

5.7.17മുതൽ 4.10.17വരെ: @1% = 4950/-

5.10.17മുതൽ 21.12.17 വരെ: @2%= 8580/-

ഈടാക്കേണ്ടആകെ പിഴ : 13530/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 13530/-

18. പനയടിയൻചള്ള റോഡ് മെയിന്റനൻസ് (61/17)

പി.എ.സി. - 351760/-

ചെലവ്- ബിൽ നം. 13/30-1-2018 , തുക – 355000/-

അളവ് പുസ്തകം- 44/16-17

കരാറുകാരൻ- ശ്രീ. ടി.രാമകൃഷ്ണൻ

എഗ്രിമെൻറ് നം- 39/10.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 10.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 26.12.17

<u>ഈടാക്കേണ്ട പിഴ</u>

10.6.17 മുതൽ 23.7.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

24.7.17മുതൽ 23.10.17വരെ: @1% = 3518/-

24.10.17മുതൽ25.12.17 വരെ: @2%= 4925/-

ഈടാക്കേണ്ടആകെ പിഴ : 8443/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 8443/-

19. കൈപ്പൻ കുളമ്പ് അങ്കണവാടി റോഡ് മെയിന്റനൻസ് (71/17)

പി.എ.സി. - 351387/-

ചെലവ്- ബിൽ നം. 15/30.1.2018 , തുക – 355000/-

അളവ് പുസ്തകം- 47/16-17

കരാറുകാരൻ- ശ്രീ. രാമകൃഷ്ണൻ

എഗ്രിമെൻറ് നം- 1/5.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 5.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 23.12.17

<u>ഈടാക്കേണ്ട പിഴ</u>

5.5.17 മുതൽ 29.5.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

30.5.17മുതൽ 29.8.17വരെ: @1% = 3514/-

30.8.17മുതൽ 29.11.17 വരെ: @2%= 7028/-

30.11.17 മുതൽ 22.12.17 വരെ: @2%- 1796/-

ഈടാക്കേണ്ട ആകെ പിഴ : 12338/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 12338/-

20. ജഗദീഷ് കൗണ്ടർ റോഡ് മെയിന്റനൻസ് (67/17)

പി.എ.സി. - 401389/-

ചെലവ്- ബിൽ നം. 16/31-1-2018 , തുക - 405000/-

അളവു പുസ്തകം- 45/16-17

കരാറുകാരൻ- ശ്രീ. ഷൺമുഖൻ

എഗ്രിമെൻറ് നം- 30/31.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 29.12.17

ഈടാക്കേണ്ട പിഴ

31.5.17 മുതൽ 23.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

24.6.17മുതൽ 23.9.17വരെ: @1% = 4014/-

24.9.17മുതൽ23.12.17 വരെ: @2%= 8028/-

24.12.17മുതൽ 28.12.17 വരെ: @2%- 446/-

ഈടാക്കേണ്ട ആകെ പിഴ : 12488/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 12488/-

21. കറുപ്പുഉറക്കാട് റോഡ് മെയിന്റനൻസ് (65/17)

പി.എ.സി. - 276340/-

ചെലവ്- ബിൽ നം. 17/30-1-2018 , തുക - 278626/-

അളവു പുസ്തകം- 33/16-17

കരാറുകാരൻ- ശ്രീ. ഷൺമുഖൻ

എഗ്രിമെൻറ് നം. - 4/11.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 11.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 27.12.17

ഈടാക്കേണ്ട പിഴ

11.5.17 മുതൽ 3.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

4.6.17മുതൽ 3.9.17വരെ: @1% = 2763/-

4.9.17മുതൽ 3.12.17 വരെ: @2%= 5527/-

4.12.17മുതൽ 26.12.17 വരെ: @2%- 1412/-

ഈടാക്കേണ്ടആകെ പിഴ : 9702/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 9702/-

22. അലയാർ റോഡ് മെയിന്റനൻസ് (76/17)

പി.എ.സി. - 159529/-

ചെലവ്- ബിൽ നം. 18/30-1-2018 , തുക – 163000/-

അളവു പുസ്തകം- 50/16-17

കരാറുകാരൻ- ശ്രീ. ഉമ്മർകോയ

എഗ്രിമെൻറ് നം- 32/7.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 7.6.17 (4മാസം)

പൂർത്തീകരിച്ച തീയതി- 15.1.18

ഈടാക്കേണ്ട പിഴ

7.6.17 മുതൽ 30.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

1.7.17മുതൽ 30.9.17വരെ: @1% = 1595/-

1.10.17മുതൽ 30.12.17 വരെ: @2%= 3190/-

31.12.17മുതൽ 14.1.18 വരെ: @2%- 532/-

ഈടാക്കേണ്ട ആകെ പിഴ : 5317/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 5317/-

23. ഒടച്ചിറ റോഡ് മെയിന്റനൻസ് (78/17)

പി.എ.സി. - 491307/-

ചെലവ്- ബിൽ നം. 19/30-1-2018 , തുക – 492362/-

അളവ് പുസ്തകം- 46/16-17

കരാറുകാരൻ- ശ്രീ. ഉമ്മർകോയ

എഗ്രിമെൻറ് നം- 20/19.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 28.12.17

ഈടാക്കേണ്ട പിഴ

19.5.17 മുതൽ 11.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17മുതൽ 11.9.17വരെ: @1% = 4913/-

12.9.17മുതൽ11.12.17 വരെ: @2%= 9826/-

12.12.17മുതൽ 27.12.1വരെ: @2%- 1747/-

ഈടാക്കേണ്ട ആകെ പിഴ : 16486/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 16486/-

24. നല്ലമാടൻചള്ള റോഡ് മെയിന്റനൻസ് (54/17)

പി.എ.സി. - 236025/-

ചെലവ്- ബിൽ നം. 20/30-1-2018 , തുക – 230132/-

അളവ് പുസ്തകം- 48/16-17

കരാറുകാരൻ- ശ്രീ. ഉമ്മർകോയ

എഗ്രിമെൻറ് നം- 19/19.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 28.12.17

ഈടാക്കേണ്ട പിഴ

19.5.17 മുതൽ 11.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17മുതൽ 11.9.17വരെ: @1% = 2360/-

12.9.17മുതൽ11.12.17 വരെ: @2%= 4720/-

12.12.17മുതൽ 27.12.17 വരെ: @2%- 839/-

ഈടാക്കേണ്ടആകെ പിഴ : 7919/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 7919/-

25. ചൂള റോഡ് മെയിന്റനൻസ് (/17)

പി.എ.സി. - 261893/-

ചെലവ്- ബിൽ നം. 21/31-1-2018 , തുക – 265000/-

അളവു പുസ്തകം- 52/16-17

കരാറുകാരൻ- ശ്രീ. സച്ചിദാനന്ദൻ

എഗ്രിമെൻറ് നം- 15/19.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.5.17 (4മാസം)

പൂർത്തീകരിച്ച തീയതി- 19.1.18

ഈടാക്കേണ്ട പിഴ

19.5.17 മുതൽ 11.6.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

12.6.17മുതൽ 11.9.17വരെ: @1% = 2619/-

12.9.17മുതൽ11.12.17 വരെ: @2%= 5238/-

12.12.17മുതൽ 18.1.18 വരെ: @2%-2212/-

ഈടാക്കേണ്ടആകെ പിഴ : 10069/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് -10069/-

പിഴയിനത്തിൽ മേൽ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട 346795/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.10.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-15 പകൽവീട് നിർമ്മാണത്തിനായി ലഭ്യമായ തുക വിനിയോഗിച്ചിട്ടില്ല

2016-17 വർഷത്തിൽ പകൽവീട് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും 1239300/- രൂപ രസീതി നം.11605900064/31.3.17 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. തുക നാളിതുവരെ വിനിയോഗിക്കാതെ 799011400001529എന്ന നമ്പറിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ

സൂക്ഷിച്ചിരിക്കുകയാണ്. തുക ലഭ്യമായത് 31.3.17 തീയതിയിലായതുകൊണ്ട് 2016-17വർഷം തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മുൻവർഷത്തിൽ ഇതിനായി 128/17 നമ്പറിൽ(സ്പിൽ ഓവർ 45/18) 260700/-രൂപ തനതു ഫണ്ടിൽ നിന്നുകൂടി വകയിരുത്തി 1500000/-രൂപ അടങ്കലായി വൃദ്ധസദനം എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നാളിയുവരെയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരുന്ന സ്ഥലത്തിനു മുകളിലൂടെ 11 KV ലൈൻ കടന്നുപോകുന്നതിനാൽ അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തി ഭരണസമിതി തീരുമാനമായത് 4.8.17 ലെ 4(1) പ്രകാരമാണ്. എന്നാൽ കെട്ടിടനിർമ്മാണത്തിലുള്ള സൈറ്റ് മാറിയതുകൊണ്ട് മുൻപ് തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് പുതുക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും അസി.എഞ്ചിനീയറുടെ അപേക്ഷയനുസരിച്ച് ഭരണസമിതിയുടെ 7.12.17 ലെ 20(6), 22.12.17 ലെ 12(1) എന്നിവ പ്രകാരമാണ് തീരുമാനിച്ചത്. ഈ സാഹചര്യങ്ങൾ മൂലമാണ് പദ്ധതി വൈകാനിടയായത് എന്നും പ്രവൃത്തി നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15.10.18, 12/15.10.18) സെക്രട്ടറിയും അസി.എഞ്ചിനീയറും മറുപടി നൽകിയത്. പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ സ്ഥലം നിശ്ചയിച്ച് അതിനനുയോജ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം മാത്രമാണ് സ്ഥലത്തിനു മുകളിലൂടെ 11 KV ലൈൻ കടന്നുപോകുന്നതു ശ്രദ്ധയിൽപ്പെട്ടത് എന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ഈ അപാകത മൂലമാണ് വീണ്ടും സ്ഥലം കണ്ടെത്തേണ്ടി വന്നതും എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നതും പദ്ധതി നീണ്ടുപോകാനിടയായതും . പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവർ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുണ്ട്.

പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 അഗ്രിക്കൾച്ചർ മാർക്കറ്റിനുവേണ്ടി വാങ്ങിയ സ്ഥലം- നിഷ്ക്രിയമായി അവശേഷിക്കുന്നു

പ്രോജക്ട് നം.97/15 അഗ്രിക്കൾച്ചർ മാർക്കറ്റിനുവേണ്ടി സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം 2014-15 വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്ന് 2072035/- രൂപയും ലോൺ തുക 6500000/- രൂപയും തനതുഫണ്ടിൽനിന്ന് 2935269/- രൂപയും ഉൾപ്പെടെ ആകെ 11507304/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1000000 രൂപ ലാന്റ് അക്വിസിഷനുവേണ്ടി സ്ഥലമെടുപ്പ് ഡെ.തഹസിൽദാരുടെ പേരിൽ ചലാൻ നം.277/21.3.11 പ്രകാരം ഡെപ്പോസിറ്റ് നൽകിയിരുന്നതിൽ പരസ്യ ചാർജ്ജും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും കുറവുചെയ്ത് 786176/-രൂപ തൻവർഷം പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് തിരികെ ലഭ്യമായിട്ടുള്ളതായി 7.12.17 ലെ തീരുമാനം 8(1) പ്രകാരം കാണുന്നു. 2014-15 വർഷത്തിൽ ലഭ്യമാക്കിയ സ്ഥലത്ത് നാളിതുവരെ മാർക്കറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളൊന്നും ചെയ്തിട്ടില്ല. ഇതിനായി 2015-16, 2016-17, 2017-18 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. മാർക്കറ്റ് പ്രവർത്തിക്കുന്നതിന് യാതൊരു പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. നാളിതുവരെയും ഈ പദ്ധതിയിൽ നിന്നും യാതൊരു വരുമാനവും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. കാർഷിക ഉൽപന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് VFPCK എന്ന സ്ഥാപനത്തിന് സംസ്കരണ യൂണിറ്റും പാക്കിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിനു വേണ്ടി സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്നും ഭരണസമിതിയുടെ 18/1/17 തീയതിയിലെ 5(1) നം. തീരുമാനപ്രകാരം VFPCKക്ക് 50 സെന്റ് സ്ഥലം 3 വർഷകാലയളവിലേക്ക് 12500/- രൂപ മാസവാടകക്ക് നൽകുന്നതിന് തീരുമാനമെടുത്തതായും 13/2/17 തീയതിയിൽ ഇതിനായി കരാറിലേർപ്പെട്ടതായും 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലോ നാളിതുവരെയോ

ഈയിനത്തിൽ തുകയൊന്നും തന്നെ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

2017-18 വർഷത്തിൽ തനതുഫണ്ടിൽനിന്നും ലോൺ തിരിച്ചടവിന് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ലോൺ മുന്നിരിപ്പ് | തിരിച്ചടച്ച മുതൽ | പലിശ | ബാക്കി |
|---|---|---|---|
| 4629326 | 1445771 | 465854 | 3183555 |

ഈ സ്ഥലത്തിന്റെ നിലവിലെ സ്ഥിതി, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(11/15.10.18) ക്ക് ലഭ്യമായ മറുപടി "2017-18 സാമ്പത്തിക വർഷത്തിൽ ടി സ്ഥലത്ത് 5 കോടി രൂപ ചെലവിൽ അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നബാർഡ് നിർദ്ദേശിക്കുകയും ആയതിന്റെ ഡി.പി.ആർ ആവശ്യമായ മുഴുവൻ രേഖകൾ സഹിതം നബാർഡ് അധികൃതർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിന്റെ സാങ്കേതികാനുമതി ലഭ്യമായാലുടൻ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്...... " എന്നും . കൂടാതെ "പെരുമാട്ടി സർവീസ് സഹകരണ ബാങ്കിൽ നിന്നും 29/10/14 തീയതിയിൽ എടുത്ത 6500000/- രൂപ വായ്പയിൽ പലിശയിനത്തിൽ 22,16,111/-രൂപ അടവാക്കിയിട്ടുണ്ട്. 9.8.18 തീയതിയിൽ വായ്പ തുക മുഴുവൻ അടവാക്കിയിട്ടുണ്ട്. ഗണ്യമായ പലിശ നഷ്ടം ഒഴിവാക്കുന്നതിനായിട്ടാണ് തനതുഫണ്ടിൽ നിന്നും വായ്പ തിരിച്ചടച്ചിട്ടുള്ളത് " എന്നുമാണ്.

സ.ഉ(എം.എസ്) 147/2009/തസ്വഭവ, തീയതി:29/7/2005 ഉത്തരവിലെ ഖണ്ഡിക നം.2.3 പ്രകാരം വായ്പാ തുകയും പലിശതുകയും തിരിച്ചടക്കുന്നതിന് പ്രൊജക്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം വിനിയോഗിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വായ്പ അനുവദിച്ചുകൊണ്ടുള്ള സ.ഉ.(സാധാ) 538/2009/തസ്വഭവ, തീയതി:3/3/2009 നം. സർക്കാർ ഉത്തരവിൽ മേൽപ്പറഞ്ഞ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ലോൺ ലഭ്യമാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവുകൾക്ക് വിരുദ്ധമായാണ് നാളിതുവരെ യാതൊരു വരുമാനവും ലഭ്യമാകാത്ത ഈ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള മുഴുവൻ വായ്പാത്തുകയും പലിശയടക്കം ആകെ 87,16,111/- രൂപ തനതുഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക വിരുദ്ധമായി തനതുഫണ്ടിൽനിന്നും ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്നും ചെലവനുമതി ലഭ്യമാക്കേണ്ടതാണ്.
- VFPCKക്ക് 50 സെന്റ് സ്ഥലം 3 വർഷകാലയളവിലേക്ക് 12500/- രൂപ മാസവാടകക്ക് നൽകിയതു പ്രകാരം പഞ്ചായത്തിന് ലഭ്യമാകേണ്ട തുക പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

- സ്ഥലം വാങ്ങുന്നതിനുവേണ്ടി ചെലവഴിച്ച പഞ്ചായത്തുഫണ്ട് നിഷ്ക്രിയമാവാതിരിക്കുവാനും പ്രൊജക്ടിന്റെ ആത്യന്തിക ലക്ഷ്യമായ കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സംസ്കരണ യൂണിറ്റ് നടപ്പിലാക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-17 കാരിക്കുളം അങ്കണവാടി നിർമ്മാണം -ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിട്ടില്ല.

പ്രൊജക്റ്റ് നം. 125/17

അടങ്കൽ - ലോകബാങ്ക് വിഹിതം - 1014630

തനതു ഫണ്ട് - 185370

ആകെ - 1200000

ചെലവ് -1019197/- രൂപ(ബിൽ നം.- 8/25.9.17- 554315, 9/25.9.17-70551, ചെക്ക്നം.-2231227/25.9.17-65719/- ).

കാരിക്കുളം അങ്കണവാടി നിർമ്മാണം പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിട്ടില്ല. 25.2.17 ൽ പ്രവൃത്തി ആരംഭിച്ച അംഗൻവാടി കെട്ടിട നിർമ്മാണം 29.6.17 ന് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നാളിതുവരെ ചെയ്തിട്ടില്ല. 12-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ. 16.11.13 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്ട് തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രൊജക്ടിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഈ കെട്ടിടത്തിൽ അംഗൻവാടി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്ന് ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിന് 2018-19 വർഷത്തിലും തുക വകയിരുത്തി പ്രൊജക്റ്റ് വെച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(22/17.10.18) ക്ക് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ(വാട്ടർ ടാങ്ക് സ്ഥാപിക്കൽ) എന്നിവ കൂടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ ആരംഭിച്ച് 2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത് . എന്നാൽ മടപ്പള്ളം വയലുകുളം റോഡ് മെയിന്റനൻസ് പ്രവൃത്തിയിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 79/17

അടങ്കൽ- 420000/-(MG Road-297000/-, തനതുഫണ്ട് - 123000/-)

ചെലവ്- ബിൽ നം .01/2017-18 Dt.30-06-2017 തുക – 202000/-.തനതുഫണ്ട്-ചെക്ക് നം.165084/27.6.17-123000/-

അളവു പുസ്തകം- 22/16-17

കരാറുകാരൻ- ശ്രീ ഉമ്മർകോയ

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per | ബാരലിന്റെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | adequacy) | |
| 1. | Modified penetration macadam using bitumin S-65 etc. | 180.47 | @1.75kg-315.82kg | 2.02 |
| 2 | Providing and applying tack coat with bitumin emulsion (rs1) | 1200 | @0.225kg-270kg | 1.48 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 1200 | @1.46kg-1752kg | 11.23 |
| 4 | Seal coat with Bitumin S-65 | 1200 | @0.65kg- 780kg | 5 |
| | ആകെ | | Rs1-270kg,<br>VG30- 2847.82kg | 20 |

ബാരലിന്റെ വില -20* 250 = 5000/-രൂപ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.10.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്

## 3-19 ബിറ്റുമിൻ വാങ്ങലും വിതരണവും

1. 2017-18 വർഷത്തെ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്നും ബിറ്റുമിൻ വാങ്ങി നൽകുന്നതിന് ഭരണസമിതിയിയുടെ 4.8.17 ലെ തീരുമാനം 14(1) പ്രകാരം തീരുമാനിച്ചതനുസരിച്ച് 16 ടാറിംഗ് പ്രവൃത്തികളിൽ നിന്നായി ആകെ 890837/- രൂപ അസി.എഞ്ചിനീയർ പിൻവലിച്ച് നൽകിയ തുക സെക്രട്ടറി BPCL, കൊച്ചി എന്ന സ്ഥാപനത്തിന് RTGS മുഖേന നൽകിയിട്ടുണ്ട്. 137ബാരൽ VG30 , 13ബാരൽ RS1 എന്നീ ഇനം ബിറ്റുമിൻ വാങ്ങുന്നതിനാണ് തുക നൽകിയത്. എന്നാൽ ബിറ്റുമിൻ വാങ്ങിയ Invoiceകൾ പ്രകാരം 2 പ്രാവശ്യമായി ആകെ 840982/-രൂപയുടെ ബിറ്റുമിൻ ലഭ്യമായിട്ടുള്ളൂ.

| ക്രമനം. | ഇൻവോയ്സ് നം./തീയതി | ബിറ്റുമിൻ ലഭ്യമായത് | വില |
|---|---|---|---|
| 1 | 4550124391/2.5.18 | VG30-80ബാരൽ, RS1- 13 ബാരൽ | 527779 |

| | | | |
|---|---|---|---|
| 2 | 4550126833/7.5.18 | VG30-57ബാരൽ | 313203 |
| | ആകെ | VG30-137ബാരൽ, RS1- 13 ബാരൽ | 840982 |

ആവശ്യപ്പെട്ട അളവ് ബിറ്റുമിൻ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ അധികം നൽകിയ 49855/-രൂപ(890837 – 840982) തിരികെ ഈടാക്കേണ്ടതാണ്.

2. വാങ്ങൽ, വിതരണം, രേഖകൾ സൂക്ഷിപ്പ് അപാകതകൾ

- ഓരോ പ്രവൃത്തികളുടേയും എസ്റ്റിമേറ്റനുസരിച്ച് ബിറ്റുമിൻ ആവശ്യകത കണക്കാക്കിയിട്ടുള്ളതല്ലാതെ ഓരോ പ്രവൃത്തിയിൽ നിന്നും എത്ര രൂപ ഈടാക്കണമെന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
- ആദ്യ Invoice പ്രകാരം ലഭ്യമായ ബിറ്റുമിന്റെ സ്റ്റോക്ക് എടുത്തിരിക്കുന്നതും വിതരണം രേഖപ്പെടുത്തിയിരിക്കുന്നതും കരാറുകാർ ഒപ്പ് വെച്ചിരിക്കുന്നതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലാണ് . അസി.എഞ്ചിനീയർ ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- Invoice No. 4550126833/7.5.2018 പ്രകാരം BPCL,Kochi യിൽ നിന്നും ലഭ്യമായ 57 ബാരൽ ബിറ്റുമിൻ ലഭ്യമായത് നാളിതുവരെ സ്റ്റോക്കിലെടുക്കുകയോ കരാറുകാർക്ക് വിതരണം ചെയ്തതായോ രേഖകൾ പ്രകാരം കാണുന്നില്ല. കരാറുകാർക്ക് ഇവ നാളിതുവരെ വിതരണം ചെയ്യാത്തതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി (നം.12/15.10.18 )മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-20 വവ്വാക്കോട് അങ്കണവാടി അറ്റകുറ്റപ്പണികൾ -അപാകതകൾ

വവ്വാക്കോട് അങ്കണവാടി അറ്റകുറ്റപ്പണികൾ എന്ന പ്രൊജക്റ്റിനായി(നം.110/17) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 250000/-രൂപ വകയിരുത്തിയിരുന്നു. നിലവിലുള്ള അങ്കണവാടിയുടെ മുൻവശം ഷീറ്റു മേയുന്നതിനും വാട്ടർടാങ്ക് വെയ്ക്കുന്നതിനുള്ള പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തോടു ചേർന്നുള്ള അടുക്കളയായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം ഉപയോഗപ്രദമാക്കിയെടുക്കുന്നതിന് ബ്രിക്ക് വർക്ക് ചെയ്ത് ഷീറ്റ് മേയുന്നതിനുമാണ് എസ്റ്റിമേറ്റ്. എന്നാൽ 24.2.18ലെ ഭരണസമിതി തീരുമാനം 15(7) പ്രകാരം എ.ഇ.യുടെ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം 152364/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപടിക്രമങ്ങളിലും താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

- ആദ്യ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി ലഭ്യമായതിന്റെ രേഖ ഫയലില്ല.
- എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതിന് ശുപാർശ ചെയ്യുന്ന എ.ഇ. യുടെ കത്ത്, ഭേദഗതിയുടെ ആവശ്യകത, ഏതെല്ലാമിനങ്ങളിലാണ് ഭേദഗതി എന്നീ വിവരങ്ങൾ ലഭ്യമല്ല.
- എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള ഭരണസമിതി തീരുമാനത്തിൽ വ്യക്തതയില്ല.
- റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് , പുതുക്കിയ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

- പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള “DEMO” എന്ന രേഖപ്പെടുത്തിയിട്ടുള്ള "Revised Estimate” ൽ ഇനങ്ങളുടെ അളവുകൾ കുറച്ച് ആകെ തുക 153435/- ഉം Lumpsum -96565/- ഉം ഉൾപ്പെടെ ആകെ തുക 250000/- യായി കണക്കാക്കിയിരിക്കുന്നു. എന്നാൽ Lumpsum തുക 5% ൽ അധികരിക്കാവുന്നതല്ല.
- ഫൈനൽ ബിൽ (നം.67/28.3.18), അളവുപുസ്തകം (78/16-17) എന്നിവ പ്രകാരം ആകെ പ്രവൃത്തിമൂല്യം 152364/- രൂപ മാത്രം വരുന്നുള്ളൂ. വർക്ക് സ്ലിപ്പ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല.

  ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.10.2018) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രൊജക്റ്റിലെ, ഫയലിലെ അപാകതകൾ പരിഹരിക്കുന്നതാണ് എന്നുമാത്രമാണ്.

വ്യക്തമായ വിശദീകരണങ്ങളുടെ അഭാവത്തിൽ പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച 152364/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-21 പാലിയേറ്റീവ് പദ്ധതി- ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല

പാലിയേറ്റീവ് പദ്ധതിക്കായി ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിൽനിന്നും രസീതിനം.11605900063/31.3.17 പ്രകാരം 300000/- രൂപ ലഭ്യമായിട്ടുണ്ട്. സി.ഡി.പി.ഒ നിർവഹണോദ്യോഗസ്ഥയായി 2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പാലിയേറ്റീവ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന് വിഹിതം ഉൾപ്പെടുത്തി തുക പിൻവലിച്ച് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17, 2017-18 വർഷത്തെ പദ്ധതികളിൽ ഈ വിഹിതം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടില്ല. ഈ തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല . പദ്ധതി തയ്യാറാക്കി തുക വിനിയോഗിക്കാത്ത പക്ഷം 300000/- രൂപ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

മറ്റു സ്രോതസ്സുകളിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാകുന്ന തുക യഥാസമയം ഫലപ്രദമായി ചെലവഴിക്കുന്നതിന് തക്ക ആസൂത്രണം നടത്തുന്നതിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് , എന്നിവർ വീഴ്ച വരുത്തിയതു മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-22 വൃദ്ധജനങ്ങൾക്കായി സമഗ്ര ആരോഗ്യ പരിപാടി- രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് – വൃദ്ധജനങ്ങൾക്കായി സമഗ്ര ആരോഗ്യ പരിപാടി(ആയുർവ്വേദം) (112/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ആയുർവ്വേദം

അടങ്കൽ - 1500000( വികസന ഫണ്ട് ജനറൽ)

ചെലവ് - 1500000

ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ 18 വാർഡുകളിലെ 60 വയസ്സിനു മുകളിലുള്ളവരുടെ ബ്ലഡ് ഷുഗർ, കൊളസ്ട്രോൾ,ഹീമോഗ്ലോബിൻ, അസ്ഥിസാന്ദ്രത എന്നിവ പരിശോധിക്കുന്നതിനായി നാല് കേന്ദ്രങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, ആയതിനുശേഷം ക്യാമ്പുകൾ വഴി മരുന്നുകൾ നൽകുകയുമാണ്

ചെയ്തിട്ടുള്ളത്. ആകെയുള്ള ചെലവിൽ 1350000/- രൂപ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനും, ബാക്കി 150000/- മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽ | തുക | ചെലവിനം |
|---|---|---|
| 2/25.11.17 | 9000 | ഡെൻസിറ്റോ മീറ്റർ വാടക |
| 4/28.12.17 | 1350000 | മരുന്ന് വാങ്ങൽ |
| 5/9.2.18 | 31460 | ലാബ് ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് |
| 8/28.3.18 | 59540 | ലാബ് ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് |
| 9/28.3.18 | 40000 | ഡോക്ടർമാർക്കുള്ള ടി.എ, ഹോണറേറിയം |
| 10/28.3.18 | 10000 | ഫുഡ് , സ്റ്റേഷനറി ചെലവുകൾ |
| ആകെ | 1500000/- | |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ആരോഗ്യ സുരക്ഷ പ്രോജക്ടുകൾ - ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനും, നഗരസഭക്കും മാത്രം ഏറ്റെടുക്കാവുന്നതാണ്.

ഈ പദ്തിയുടെ നടത്തിപ്പിലുള്ള അപാകതകൾ താഴെ പറയുന്നു.

1. വൃദ്ധജനങ്ങൾക്കായി സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി രോഗനിർണ്ണയക്യാമ്പുകൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതായത് ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെ സ്ഥലം , തിയതി,പങ്കെടുത്തവരുടെ ഹാജർ, പേര് വിവരങ്ങൾ , രേഗനിർണ്ണയം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഈ പദ്ധതിയുടെ കീഴിലുള്ള ആകെ രോഗികളുടെ എണ്ണം, രോഗികളുടെ പേര് രോഗ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടുള്ള മരുന്നുകൾ വിവിധ തീയതികളിൽ മെഡിക്കൽ ക്യാമ്പിലേയ്ക്ക് എന്ന് പറഞ്ഞ് ഇഷ്യൂ കാണിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പുകളിൽ മരുന്ന് വിതരണം നടത്തിയതിന്റെ രേഖകൾ ഒന്നുമില്ല.

4. പ്രോജക്ടിന്റെ ഭാഗമായി 60 വയസ്സിനു മുകളിലുള്ളവരുടെ ബ്ലഡ് ഷുഗർ, കൊളസ്ട്രോൾ, ഹിമോഗ്ലോബിൻ, അസ്ഥിസാന്ദ്രത എന്നിവ പരിശോധിക്കുന്നതിനായി പെരുമാട്ടി ആയുർവ്വേദ ഡിസ്പെൻസിറിയിൽ സൗകര്യം ഇല്ലെങ്കിൽ പി.എച്ച്.സി, താലൂക്ക് ആശുപത്രികളിൽ നിന്ന് ആയതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനുള്ള സൗകര്യം ഉറപ്പു വരുത്തിയിരുന്നെങ്കിൽ ലാബ് ഇൻവെസ്റ്റിഗേഷൻ ചാർജ്ജിനത്തിൽ 91000/-രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു.

5. ഈ പദ്ധതിയിന്മേൽ തുടർച്ചയായി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ 1500000/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് അന്വേഷണം നം. 23/17.10.2018 നൽകിയിതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.

## 3-23 ലാപ്പ് ടോപ്പ് വിതരണം പഠന കാലയളവ് പൂർത്തീയായവർക്ക് നൽകി

പദ്ധതി - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്(195/18)

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 330000

ചെലവ് - 295889 (ട്രഷറി ബിൽ നം.28/13.3.18)

ഈ പദ്ധതി പ്രകാരം 11 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകിയിട്ടുണ്ട്. ആയതിൽ ലാപ്പ് ടോപ്പിന് അപേക്ഷിച്ചവർ താഴെ പറയുന്ന ക്രമത്തിലാണ്.

2015- 16 - 4

2016-17 - 4

2017-18 - 3

പഞ്ചായത്ത് ഭരണസമിതിയുടെ 24.3.2018 ലെ തീരുമാനം നം.6/3 പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. 2018മാർച്ച് മാസത്തിലാണ് ലാപ്പ്ടോപ്പ് നൽകിയിരിക്കുന്നത്. ആയതിൽ 6 വിദ്യാർത്ഥികൾ അവസാന വർഷ പഠനം പൂർത്തിയാവുന്നവരാണ്. പഠന ഉപകരണം എന്ന നിലയിൽ പഠന കാലയളവിൽ ലാപ്പ്ടോപ്പ് നൽകാതെ കോഴ്സ് കഴിഞ്ഞ ശേഷം നൽകുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ പഠന കാലയളവിൽ ഉപകാരപ്പെടുന്ന തരത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കേണ്ടതാണ്.

## 3-24 ഗവ. ഐ.ടി.ഐ - തുടർ ചെലവുകൾ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്തിലേക്ക് അപേക്ഷിക്കാവുന്നതാണ്

ഗ്രാമപഞ്ചായത്തിൽ സർക്കാർ ഉത്തരവ് നം 56/2017/തൊഴിൽ തീയതി 1.8.17 പ്രകാരം അന്താരാഷ്ട്ര നിലവാരമുള്ള ഗവ. ഐ.ടി.ഐ തുടങ്ങുന്നതിന് അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മൂലത്തറ വില്ലേജിലെ സർവ്വെ നമ്പർ 475/1 ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ 5ഏക്കർ സ്ഥലം പ്രസ്തുത പദ്ധതിക്കായി നൽകിയിട്ടുണ്ട്. ആയതിനുള്ള കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നതുവരെ മീനാക്ഷിപുരം ഹൈസ്കൂളിന്റെ ഭാഗമായ എൽ.പി സ്കൂൾ കെട്ടിടത്തിൽ ഐ.ടി.ഐക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ(വൈദ്യുതി,റോഡ്,കുടിവെള്ളം, ഫർണിച്ചർ തുടങ്ങിയവ) ഒരുക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം-9(1)/27.07.2016).ആയതിന് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നാളിതുവരെ ചെയ്ത ചെലവിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവർത്തി | ചെലവ് തുക | വൗച്ചർ നം/തീയതി |
|---|---|---|
| ടോയ് ലെറ്റ് അറ്റകുറ്റപണി | 14648 | 1166/28.03.18 |
| അടുക്കള ഷെഡ്അറ്റകുറ്റപണി | 19584 | 1167/28.03.18 |
| ചുറ്റുമതിൽ | 19381 | 1168/28.03.18 |

| | | |
|---|---|---|
| ടൈൽ വർക്ക് | 19567 | 1169/28.03.18 |
| ഗ്രിൽ ഡോർ | 19536 | 1170/28.03.18 |
| ആകെ | 92716/- | |

കേ.പ.ര ആക്ട് വകുപ്പ് 188 (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം മേൽ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതല്ല. കേ.പ.ര ആക്ട് വകുപ്പ് 173 (1)-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം സാങ്കേതിക സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല ജില്ലാപഞ്ചായത്തിനാണെന്നിരിക്കെ തുടർന്ന് വരുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്തിലേക്ക് അപേക്ഷിക്കാവുന്നതാണ്. അല്ലാത്തപക്ഷം കെട്ടിട സൗകര്യങ്ങൾ ഒരുങ്ങുന്നതുവരെയുള്ള ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് ബാദ്ധ്യതയായിത്തീരുന്നതാണ്.

## 3-25 ODF പദ്ധതി - പൂർത്തീകരണം ഉറപ്പാക്കേണ്ടതും, കേന്ദ്ര ഫണ്ടിൽ നിന്ന് ചെലവ് തുക ലഭ്യമാകുന്ന മുറക്ക് വികസന, തനത് ഫണ്ടുകളിലേക്ക് റീക്കുപ്പ് ചെയ്യേണ്ടതുമാണ്.

ODF പദ്ധതിക്കായി ഇതേവരെ വികസന ഫണ്ട് , തനത് ഫണ്ട് എന്നിവയിൽ നിന്നും വകയിരുത്തിയ തുക, ചെലവഴിച്ച തുക, കേന്ദ്ര ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്ത തുക, ബാക്കി എന്നീ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | വരവ്- കേന്ദ്ര ഫണ്ട് | ചെലവ് | | ആകെ ചെലവ് |
|---|---|---|---|---|
| | | വികസന ഫണ്ട് | തനത് ഫണ്ട് | |
| 20.01.17 | 3229800 | 0 | 0 | 0 |
| 22.03.17 | 3691200 | 0 | 0 | 0 |
| 28.09.17 | 2307000 | 0 | 0 | 0 |
| 27.08.16 | 0 | 1540000 | 0 | 1540000 |
| 22.09.16 | 0 | 1818452 | 0 | 1818452 |
| 22.09.16 | 0 | 1646548 | 0 | 1646548 |
| 30.09.16 | 0 | 916300 | 0 | 916300 |
| 30.09.16 | 0 | 469700 | 0 | 469700 |
| 30.09.16 | 0 | 736424 | 0 | 736424 |
| 20.12.16 | 0 | 217124 | 0 | 217124 |
| 28.09.16 | 0 | 0 | 4498052 | 4498052 |
| ആകെ | 9228000 | 7344548 | 4498052 | 11842600 |

കേന്ദ്ര ഫണ്ടിൽ നിന്നും ലഭ്യമാകേണ്ട റീക്കുപ്പ് തുക – 26,14600/- (11842600 - 9228000)

പദ്ധതിക്കായി നിലവിൽ 2അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. ആയതിന്റെ പാസ്ബുക്കുകൾ പരിശോധിച്ചതിൽ നിലവിലെ നീക്കിയിരിപ്പ് താഴെ ചേർക്കുന്നു.

കാനറാ ബാങ്ക് ,മീനാക്ഷിപുരം-അക്കൗണ്ട് നം - 23749- നീക്കിയിരുപ്പ് - 725632

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വണ്ടിത്താവളം - അക്കൗണ്ട് നം - 602580-നീക്കിയിരുപ്പ് - 555472

മേൽ അക്കൗണ്ടുകളിൽ കാനറാ ബാങ്കിലെ നീക്കിയിരുപ്പിൽ മുൻ കാലങ്ങളിൽ ലഭ്യമായ ശുചിത്വ മിഷൻ ഫണ്ട്, ഇതര കേന്ദ്ര ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നു. ആയത് തിട്ടപ്പെടുത്തി വിനിയോഗ കാലാവധി കഴിഞ്ഞ തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.രണ്ട് അക്കൗണ്ടുകളിലേയും വിനിയോഗിക്കാത്ത പ്ലാൻ ഫണ്ട് കൺസോളിഡേറ്റഡ് ഫണ്ടിലേക്കും തിരിച്ചടക്കേണ്ടതാണ്.ODF പദ്ധതിക്കായി മേൽ അക്കൗണ്ടുകളിൽ ഒന്ന് മാത്രം നിലനിർത്തേണ്ടതാണ്.

ODF പദ്ധതിക്കായി വി.ഇ.ഒ ന് പഞ്ചായത്തിൽ നിന്ന് കൈമാറിയ 11842600/-രൂപയിൽ (769 ഗുണഭോക്താക്കൾക്ക് 15400/- നിരക്കിൽ) 707 ഗുണഭോക്താക്കൾ 15400/-രൂപ വീതം കൈപ്പറ്റി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 62ഗുണഭോക്താക്കൾ ഒരു ഗഡുവായ7700/-രൂപ കൈപ്പറ്റി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഇവർക്ക് 7700/-രൂപ നിരക്കിൽ 4,77400/-രൂപ ഇനിയും നൽകേണ്ടതുണ്ട്.

പദ്ധതിക്കായി വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്ന് ചെലവഴിച്ച 11842600/-രൂപ ആനുപാതികമായി പ്രസ്തുത ഫണ്ടുകളിലേക്ക് റീക്ലപ്പ് ചെയ്യേണ്ടതാണ്.

## 3-26 മേൽപ്പുര റിപ്പയർ - പദ്ധതി നിർവ്വഹണം

സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പദ്ധതികളായ മേൽപ്പുര റിപ്പയർ പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. പ്രസ്തുത പദ്ധതികളിൽ 2015-16 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചവയും ഉൾപ്പെടുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | വകയിരുത്തിയ തുക (വർഷം തിരിച്ച്) | ചെലവഴിച്ച തുക (വർഷം തിരിച്ച്) | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ചവർ | ബാക്കി |
|---|---|---|---|---|---|---|---|
| 1 | 132/18 | മേൽപ്പുര റിപ്പയർ-വിധവ ജനറൽ<br>16-17<br>17-18 | 420000<br>1710000 | 420000<br>1080000 | 71<br>57 | 14<br>36 | 57<br>21 |
| 2 | 190/18 | മേൽപ്പുര റിപ്പയർ--ജനറൽ | 1800000 | 1350000 | 60 | 46 | 14 |
| 3 | 158/18 | മേൽപ്പുര റിപ്പയർ-എസ്.സി | 1120000 | 480000 | 28 | 12 | 16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 56/18 | മേൽപ്പുര റിപ്പയർ- ജനറൽ-2015-16<br>ടി 2016-17<br>ടി 2017-18 | 3600000<br>320000<br>120000 | 2560000<br>200000<br>20000 | 180<br>16<br>6 | 128<br>10<br>1 | 52<br>6<br>5 |
| 5 | 208/18 | മേൽപ്പുര റിപ്പയർ- എസ്.സി-വനിത | 800000 | 120000 | 20 | 3 | 17 |
| 6 | 59/18 | മേൽപ്പുര റിപ്പയർ- 60വയസ്സിനു മുകളിലു ള്ളവർ- 16-17<br>ടി 17-18 | 360000<br>140000 | 220000<br>20000 | 18<br>6 | 12<br>1 | 6<br>5 |
| 7 | 58/18 | മേൽപ്പുര റിപ്പയർ- വിധവ-ജനറൽ- 16-17<br>ടി 17-18 | 440000<br>140000 | 300000<br>- | 22<br>7 | 15<br>- | 7<br>7 |

മേൽ പദ്ധതികൾ പരിശോധിച്ചതിൽ ഒരേ വിഭാഗത്തിന് സമാന്തര പദ്ധതികൾ നിർവ്വഹിച്ചിട്ടുള്ളതായിക്കാണുന്നു. ഉദാ: മേൽപ്പുര റിപ്പയർ--ജനറൽ (പ്രൊജക്ട് നം- 190/18, 56/18), മേൽപ്പുര റിപ്പയർ-വിധവ -ജനറൽ (പ്രൊജക്ട് നം - 132/18, 58/18). പ്രൊജക്ട് നം- 58/18 പ്രകാരം 2017-18 ൽ 140000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ സന്നദ്ധരാവാത്തതിനാൽ പദ്ധതി നടപ്പിലായിട്ടുമില്ല. ദാരിദ്ര്യരേഖക്ക് താഴെയുള്ള 60വയസ്സിനു മുകളിലുള്ളവർ, വിധവകൾ തുടങ്ങിയവർക്ക് മുൻഗണന ലഭ്യമാകുന്ന വിധത്തിൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവയിൽ ഒതുക്കി പദ്ധതികൾ രൂപീകരിക്കാമായിരുന്നു. പദ്ധതികളുടെ ബാഹുല്യം മൂലം അവയുടെ സുഗമമായ നടത്തിപ്പ് സാദ്ധ്യമല്ലാതെ വരുന്നു. ഇത്തരം പദ്ധതികൾക്ക് സമഗ്രമായ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും മുൻഗണനാ ക്രമത്തിൽ തുടർന്നു വരുന്ന വർഷങ്ങളിലേക്കും ആനുകൂല്യം അനുവദിക്കാവുന്നതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. സമാനസ്വഭാവമുള്ള പ്രൊജക്ടുകൾ തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രൊജക്ടിനു വേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ലിസ്റ്റിൽ നിന്ന് മുൻഗണനാക്രമത്തിൽ വീണ്ടും കണ്ടെത്തേണ്ടതാണ്.

മേൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ മോണിട്ടറിങ്ങ് നടത്തേണ്ട ദാരിദ്ര്യലഘൂകരണ/പാർപ്പിട വർക്കിങ്ങ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം, നിർവ്വഹണം,മോണിട്ടറിങ്ങ് എന്നീ വിവിധ ഘട്ടങ്ങൾ സംബന്ധിച്ച് വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സിൽ യാതൊരു നിർദ്ദേശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി മിനുട്സുകളിലും യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ്, ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-27 മേൽപ്പുര റിപ്പയർ ധനസഹായം പദ്ധതി - പദ്ധതി മാനദണ്ഡങ്ങൾമുഴുവനായും പാലിക്കേണ്ടതാണ്

പ്രോജക്ട് -മേൽപ്പുര റിപ്പയർ ധനസഹായം-എസ്.സി.പി(62/18)

നിർവ്വഹണ ഉദ്യോഗസ്ഥ – അസി.സെക്രട്ടറി

അടങ്കൽ - 250000

ചെലവ് - 237500

ഒരു ഗുണഭോക്താവിന് 25000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുള്ള ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. മേൽപ്പുര റിപ്പയറിന് ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3. 100 ച.മീറ്റർ വിസ്തീർണ്ണത്തിൽ താഴെയുള്ള ഭവനങ്ങളാണ്എന്നതിനുള്ള രേഖകൾ/നിർവ്വഹണ ഉദ്യോഗസ്ഥന്റെസാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

3. ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലേക്കല്ല ധനസഹായം നൽകിയിട്ടുള്ളത്.

പദ്ധതി മാനദണ്ഡങ്ങൾ മുഴുവനായും പാലിച്ചു കൊണ്ട് പദ്ധതികൾ നടപ്പിലാക്കൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-28 വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന ജില്ലാ പഞ്ചായത്ത് പ്ലാൻ ഫണ്ട് തിരിച്ചടക്കേണ്ടതാണ്

കുടുംബശ്രീയുടെ അക്കൗണ്ടിൽ (സർവ്വീസ് സഹകരണ ബാങ്ക്, വണ്ടിത്താവളം, അക്കൗണ്ട് നമ്പർ - 6113) വിവിധ പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് പ്ലാൻ വിഹിതമിനത്തിൽ ലഭ്യമായ 19,82,700/-രൂപ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ടിന്റെ ഉദ്ദേശം | തുക |
|---|---|---|
| 2006-07 | ലഭ്യമല്ല | 655950 |
| 2006-07 | പട്ടികവർഗ്ഗ ഭവന നിർമ്മാണം | 412750 |
| 2007-08 | ഭവന നിർമ്മാണം | 159000 |
| 2007-08 | ഭവനം അറ്റകുറ്റപണി | 580000 |
| 2007-08 | സ്ഥലം | 175000 |
| ആകെ | | 19,82,700/- |

മേൽ തുക ജില്ലാ പഞ്ചായത്ത് മുഖേന സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-29 വിവിധ ഭവന നിർമ്മാണ പദ്ധതികൾ -സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഭവന നിർമ്മാണം- വനിത(ജനറൽ)

പ്രൊജക്ട് നം - S0159/18

അടങ്കൽ - 3120000

നാളിതുവരെയുള്ള ചെലവ് - 3060000

2016-17 ലെ പ്രസ്തുത സ്പിൽഓവർ പദ്ധതി പ്രകാരം ആകെയുള്ള 20 ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | നൽകിയ തുക | ബാക്കി |
|---|---|---|---|
| 1 | സിലോമണി<br>w/o ചാമി കരടിക്കുന്ന് | 180000 | 20000 |
| 2 | പാർവ്വതി<br>w/o പഴനിയപ്പൻ രാമർപണ്ണൈ | 180000 | 20000 |
| 3 | ബാലകൃഷ്ണവേണി<br>w/oസുന്ദർരാജ്,മുത്തുസ്വാമിപുത്തൂർ | 180000 | 20000 |

2. ശാരീരിക വൈകല്യമുള്ളവർക്ക് ഭവനനിർമ്മാണ ധനസഹായം

പ്രൊജക്ട് നം - SOO 57/18

അടങ്കൽ - 1200000

നാളിതുവരെയുള്ള ചെലവ് - 1140000

2016-17 ലെ പ്രസ്തുത സ്പിൽഓവർ പദ്ധതി പ്രകാരം ആകെയുള്ള 6 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 3ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | നൽകിയ തുക | ബാക്കി |
|---|---|---|---|
| 1 | ഗുരുവായൂരപ്പൻ s/o അരുണാചലം, മുല്ലയ്ക്കൽചള്ള | 180000 | 20000 |

| | | | |
|---|---|---|---|
| 2 | ചിത്ര w/o രാജമാണിക്യം മൂപ്പൻ, മുത്തുസ്വാമിപുത്തൂർ | 180000 | 20000 |
| 3 | ശകുന്തള w/o മഹാലിംഗം കറുപ്പുതുറൈക്കാട് | 180000 | 20000 |

മേൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-30 ആശ്രയ പദ്ധതി - അർഹരായ ഗുണഭോക്താക്കൾക്ക് സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003 /പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013 /ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കണം.

പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ഒന്നാം ഘട്ടത്തിൽ തയ്യാറാക്കിയ ആശ്രയ പ്രൊജക്റ്റിന്റെ സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം | | |
|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ചെലവ് |
| 1 | വീട് ആവശ്യമുള്ളവർ | 30 | 8 | 875000 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 19 | 1 | 75000 |

പഞ്ചായത്തിൽ ആശ്രയ രണ്ടാം ഘട്ട പദ്ധതി നിർവ്വഹിച്ചിട്ടില്ല. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ ആകെ 226 അഗതി കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഇതര പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള ഭക്ഷണ വിതരണ പദ്ധതി നടത്തിപ്പ് മാത്രമാണ് നിലവിൽ തുടർന്നുവരുന്നത്.

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ , ഒന്നാം ഘട്ട മോണിറ്ററിങ് എന്നിവയെപ്പറ്റിയുള്ള വിലയിരുത്തലുകളില്ല.

ഇതിൽ നിന്നും ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി കൃത്യമായ സർവ്വെ നടത്തി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർവ്വെ നടത്തി ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തി ആയത് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. നിലവിൽ പഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതിക്കായി സർവ്വെ പൂർത്തീകരിക്കുകയും സ്പെഷ്യൽ ഗ്രാമസഭ നടത്തുകയും ചെയ്തിട്ടുണ്ട്.

## 3-31 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി ആസൂത്രണം, നിർവ്വഹണം ക്രമപ്രകാരമല്ല. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നീ ഘട്ടങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്ട് നം-86/18- വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ)

അടങ്കൽ - 717500 -വികസന ഫണ്ട്(ജനറൽ)

2500 - തനത് ഫണ്ട്

ചെലവ് - 717500

2. പ്രൊജക്ട് നം-s0101/18- വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.സി.പി)

അടങ്കൽ - 1485 -വികസന ഫണ്ട്(ജനറൽ)

287193- വികസന ഫണ്ട് (എസ്.സി.പി)

1896 - തനത് ഫണ്ട്

ചെലവ് - 282744

1.മേൽ പദ്ധതികളിൽ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്.

| അർഹതാ മാനദണ്ഡം | മാർക്ക് |
|---|---|
| വാർഷിക വരുമാനം- 10000 വരെ<br>10001 – 15000<br>20001 – 35000<br>35001 - 50000 | 25<br>20<br>15<br>10 |
| കുടുംബനാഥൻ/നാഥ 60 വയസ്സിനു മുകളിലുള്ളവർ | 10 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർ | 15 |
| നിത്യരോഗി | 10 |
| വിധവ/ഭർത്താവ് ഉപേക്ഷിച്ചവർ | 10 |
| പ്രായപൂർത്തിയായ പെൺകുട്ടികൾ മാത്രമുള്ള കുടുംബം | ഒരാൾക്ക് 5മാർക്ക്-പരമാവധി 3 പേർ |

| | |
|---|---|
| കുടുംബാംഗങ്ങളുടെ എണ്ണം | 5പേർക്ക് 5 മാർക്ക്. 5ൽ കുറവാണെങ്കിൽ 3 മാർക്ക് |
| പഞ്ചായത്തിൽ 10 വർഷം സ്ഥിരതാമസമുള്ളവർ | 10 (ഓരോ വർഷം കുറയുന്നതനുസരിച്ച് 2 മാർക്ക് വീതം കുറക്കുന്നു. |

മേൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചതിൽ 60 വയസ്സിൽ കൂടുതൽ പ്രായമുള്ള എല്ലാവർക്കും 10 മാർക്ക്, നിത്യരോഗികൾക്ക് 10 മാർക്ക് എന്നിങ്ങനെ അർഹതാ മാനദണ്ഡം നിശ്ചയിച്ചതിനു പകരം പ്രായം, രോഗത്തിന്റെ തീവ്രത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രായക്കൂടുതലുള്ള കിടപ്പുരോഗികൾക്ക് മുൻഗണന ലഭ്യമാകുന്ന രീതിയിൽ മാർക്ക് നിശ്ചയിക്കാമായിരുന്നു.

2. മേൽ പദ്ധതികൾക്കായി ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്നാധാരമായ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള ജനറൽ, എസ്.സി ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം അവർക്ക് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിലല്ല. യാതൊരു മുൻഗണനാ മാനദണ്ഡങ്ങളും പാലിക്കാതെ കട്ടിലുകൾ വാർഡുകൾ തിരിച്ച് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.ആയതിനാൽ അർഹതയുള്ളവർ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | അനർഹമായി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേരുവിവരം | ലഭിച്ച മാർക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | 3 | വേലായുധൻ s/o അപ്പു<br>എഴുത്താണി, വിളയോടി | 38 | 45 മാർക്ക് ലഭിച്ച 2 ഗുണഭോക്താക്കൾ,43 മാർക്ക് ലഭിച്ച 10ഗുണഭോക്താക്കൾ എന്നിവരെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |
| 2 | 3 | മാധവി w/o വേലാമി<br>എഴുത്താണി, വിളയോടി | 38 | |
| 3 | 3 | മേരി w/oവർഗ്ഗീസ്<br>പുതുശ്ശേരി, വിളയോടി | 38 | |
| 4 | 6 | തങ്കവേലു s/o മുരുകാണ്ടി<br>കുളപ്പുരചള്ള | 48 | 53 മാർക്ക് ലഭിച്ച ഗുണഭോക്താവിനെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |
| 5 | 7 | കുഞ്ചുമണി w/o കൃഷ്ണൻ<br>കല്ല്യാണപേട്ട | 53 | 60 മാർക്കുള്ള ഗുണഭോക്താവിനെ ഒഴിവാക്കി |
| 6 | 7 | നാരായണൻ s/o കണ്ടൻ<br>കല്ല്യാണപേട്ട | 33 | 53 മുതൽ 35 വരെ മാർക്കുള്ള ഗുണഭോക്താക്കളെ ഒഴിവാക്കി |
| 7 | 8 | രാജൻ s/o രാമനായ്ക്കൻ<br>അഞ്ചുവെള്ളക്കാട് | 45 | 48 മാർക്ക് ലഭിച്ച 3ഗുണഭോക്താക്കളെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |
| 8 | 8 | കുഞ്ഞുലക്ഷ്മി w/oമുരുകൻ<br>വിജയ നഗർ, കന്നിമാരി | 45 | |
| 9 | 10 | രാജമ്മ w/o ചെല്ലമുത്തു<br>ഇ.എം.എസ് കോളനി | 48 | 55, 50 എന്നിങ്ങനെ മാർക്കുകൾ ലഭ്യമായ 2ഗുണഭോക്താക്കളെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |
| 10 | 12 | സുബ്ബാത്താൾ w/o മുരുകേശ കൗണ്ടർ, നെല്ലിമേട്, കന്നിമാരി | 13 | 38മാർക്കുള്ള ഗുണഭോക്താവിനെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |

| | | | | |
|---|---|---|---|---|
| 11 | 6 | കാശ്ശു s/o നാഗപ്പൻ മുതലാംതോട് (എസ്.സി ലിസ്റ്റ്) | 48 | 53 മാർക്ക് ലഭിച്ച 2ഗുണഭോക്താക്കളെ മറികടന്ന് ആനുകൂല്യം അനുവദിച്ചു. |

3. ജനറൽ പദ്ധതിയുടെ കൂടെ 29 എസ്.ടി ഗുണഭോക്താക്കളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റിൽ നിന്നും 9 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ എസ്.ടി ഗുണഭോക്താക്കളുടെ മാർക്ക് ജനറൽ വിഭാഗത്തിനേക്കാൾ കുറവാണെന്ന് കാണുന്നു. ഇപ്രകാരം ജനറൽ പദ്ധതിയിൽ നിന്നും എസ്.ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിലൂടെ അർഹതയുള്ള ജനറൽ വിഭാഗക്കാർ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എസ്.ടി ഗുണഭോക്താക്കൾക്ക് ടി.എസ്.പി ഫണ്ട് വകയിരുത്താതിരുന്ന സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പട്ടികവർഗ്ഗ വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ മേൽ പദ്ധതി ഉൾപ്പെടുത്താത്തതിനാലാണ് എന്നാണ് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശം ഇല്ലാതിരുന്നിട്ടും എസ്.ടി ഗുണഭോക്താക്കളെ ജനറൽ പദ്ധതിയുടെ കൂടെ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

4. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ 15.03.2016 ലെ തീരുമാനം നം 4(2) അനുസരിച്ച് വയോജനങ്ങൾക്ക് കട്ടിലുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഉദ്ദേശം വാങ്ങേണ്ട കട്ടിലുകളുടെ എണ്ണം, ആയതിന്റെ തരം എന്നിവ നിർണ്ണയിച്ചിട്ടില്ല. രണ്ടു പദ്ധതികളിലും സ്റ്റീൽ കട്ടിൽ (18G) ആണ് പർച്ചേസ് ചെയ്തിട്ടുള്ളത്.(2372/-രൂപ നിരക്കിൽ). കട്ടിലുകളുടെ ഗുണനിലവാരം സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയുടേയോ,ബന്ധപ്പെട്ട സാമൂഹ്യക്ഷേമ വർക്കിങ്ങ് ഗ്രൂപ്പിന്റെയോ മിനുട്സുകളിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല.

5. ജനറൽ വിഭാഗം പ്രൊജക്ടിൽ 180 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എസ്.സി പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം പരാമർശിച്ചിട്ടില്ല. ക്രമ നം 1 ,2പ്രകാരമുള്ള പദ്ധതികളിൽ യഥാക്രമം 257,102 എണ്ണം കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ ജനറൽ വിഭാഗത്തിന് 252, എസ്.സി വിഭാഗത്തിന് 34 എണ്ണം കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ളവ വിതരണം ചെയ്തതിന്റെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

6. കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7. പ്രൊജക്ടനുസരിച്ച് പദ്ധതി മോണിറ്റർ ചെയ്യേണ്ട സാമൂഹ്യ ക്ഷേമ വർക്കിങ്ങ് ഗ്രൂപ്പ് ആയത് കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല എന്നത് മേൽ അപാകതകളിൽ നിന്ന് വ്യക്തമാണ്.എസ്.സി പ്രൊജക്ട് സ്പിൽ ഓവറായാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. മുൻ വർഷം നടപ്പിലാക്കിയ പ്രൊജക്ട് സംബന്ധിച്ച് വർക്കിങ്ങ് ഗ്രൂപ്പ് യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അതാത് വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശമനുസരിച്ചും, മുൻ വർഷം നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലും മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

2. ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്.

3.വാർഡ് തിരിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനു പകരം അർഹതാ മാനദണ്ഡങ്ങൾ കൃത്യമായി നിർണ്ണയിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കളുടെ സമഗ്രമായ ഒരു ഗുണഭോക്തൃലിസ്റ്റ് വാർഡ് അടിസ്ഥാനത്തിലല്ലാതെ തയ്യാറാക്കി അതിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

4. പ്രൊക്യൂർമെന്റ് കമ്മറ്റി വാങ്ങേണ്ട സാമഗ്രികളുടെ വാർഷിക ആവശ്യ നിർണ്ണയം നടത്തേണ്ടതും, ഇതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

5.സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പാക്കി പ്രൊക്യൂർമെന്റ് കമ്മറ്റി, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് എന്നിവർ അതാത് മിനുട്സുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

6. സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം, ബാക്കി എന്നിങ്ങനെ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

7.ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടറിങ്ങ് കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം ,മോണിറ്ററിങ്ങ് തുടങ്ങിയ ഘട്ടങ്ങളിൽ അതാത് സ്റ്റാൻഡിങ്ങ് കമ്മറ്റികൾ ഫലപ്രദമായി ഇടപെട്ട് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-32 ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം - 10,25051/-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 2014 സാമ്പത്തിക വർഷം മുതൽ ലഭ്യമായ തുകകൾ വിനിയോഗിക്കപ്പെടാതെ തനത്ഫണ്ടിൽ അവശേഷിക്കുന്നു.(STSB , അക്കൗണ്ട് നം -6) 31.03.2018 ന് പ്രസ്തുത അക്കൗണ്ടിൽ 10,25051/-രൂപ നീക്കിയിരുപ്പുണ്ട്.

സർക്കുലർ നം. 39033/ ഡി.സി2/2010 ത.സ്വ.ഭ.വ 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി(എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും,കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും,ഇതര ഭൗതിക സാഹചര്യങ്ങൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാ മൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 33അങ്കണവാടികളുള്ളതിൽ താഴെ പറയുന്നവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.മേൽ സർക്കുലർ അനുസരിച്ച് വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം 10,25051/-രൂപ പ്രസ്തുത ആവശ്യത്തിനായി വകയിരുത്താവുന്നതാണ്.

| അങ്കണവാടി നമ്പർ | സ്ഥലം | ഒരുക്കേണ്ട സാഹചര്യങ്ങൾ |
|---|---|---|
| 56 | വിജയനഗർ | കെട്ടിടം. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 73 | അലയാർ പുതുശ്ശേരി | കെട്ടിടത്തിന് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമല്ല. പുതുക്കി പണിയുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| 69 | വിളയോടി | കെട്ടിടം പുതുക്കി പണിയുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| 75 | കോരയാർചള്ള | വാടക കെട്ടിടം |
| 83 | ഇ.എം.എസ് കോളനി | വാടക കെട്ടിടം |
| 66 | കാരികുളം | വൈദ്യുതി, കുടിവെള്ളം |
| 76 | മീനാക്ഷിപുരം | വൈദ്യുതി, കുടിവെള്ളം |
| 82 | മുല്ലക്കൽചള്ള | കുടിവെള്ളം |
| 52 | മുത്തുസ്വാമിപുതൂർ | ചുറ്റുമതിൽ |
| 59 | മുതലാംതോട് | ടി |
| 80 | കുഞ്ചുമേനോൻപതി | ടി |

# 3-33 അങ്കണവാടികൾക്ക് ഫർണ്ണിച്ചർ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം വികസന ഫണ്ട് വിനിയോഗിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പദ്ധതി (SO137/18)കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി) 3/2013 എസ്.പി.ഡി 21.06.2013, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010എന്നിവയിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതി പ്രകാരം അങ്കണവാടികൾക്ക് കസേരകൾ, അലമാര, ബെഞ്ച് തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ - 371800

ചെലവിന്റെ വിശദാംശങ്ങൾ

| ബിൽ നം/തീയതി | തുക | നൽകിയത് | വാങ്ങിയ സാമഗ്രികൾ |
|---|---|---|---|
| 15/14.3.18 | 138270 | Effar Traders, പട്ടിക്കര,പാലക്കാട് | നീൽകമൽ കസേര - 330 എണ്ണം @ 419 |
| 18/16.3.18 | 18000 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, മേട്ടുപ്പാളയം സ്ട്രീറ്റ്,പാലക്കാട് | സ്റ്റീൽ അലമാര 6.5*3*1.5-20 gauge with locker- 3 എണ്ണം @ 6000 |
| 21/28.3.18 | 110080 | കോസ്റ്റൽ ഫർണിച്ചർ,കടലുണ്ടി,കോഴിക്കോട് | ബേബി ബെഞ്ച്- 32 @3440 |
| ആകെ ചെലവ് | 266350/- | | |

പദ്ധതിക്കായി പഞ്ചായത്ത് മുഖേന ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ സാമഗ്രിക്കും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മേൽ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്താവുന്നതാണ് എന്ന് പഞ്ചായത്ത് തീരുമാനമായിട്ടുണ്ട്.(തീരുമാനം നമ്പർ- 18(3)/27.10.17). എങ്കിലും കസേര, അലമാര എന്നിവയുടെ ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ടെണ്ടർ നോട്ടീസ് പ്രകാരം കസേര, അലമാര എന്നിവയുടെ സ്പെസിഫിക്കേഷൻസ് താഴെ ചേർക്കുന്നു.

കസേര -330എണ്ണം, പ്ലാസ്റ്റിക് (നീൽകമൽ)

സ്റ്റീൽ അലമാര – 6.5* 3 * 1.5, 20 gauge with locker, 3 എണ്ണം

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി) 3/2013 എസ്.പി.ഡി 21.06.2013 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കസേരയുടെ ടെണ്ടർ സ്പെസിഫിക്കേഷനിൽ ബ്രാൻഡ് നെയിം പരാമർശിച്ചു കാണുന്നു.

മേൽ വാങ്ങലുകളിൽ Effar Traders സമർപ്പിച്ച ടെണ്ടർ പരിശോധിച്ചതിൽ കസേരയുടെ കുറഞ്ഞ നിരക്കുള്ള ബ്രാൻഡുകൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ബ്രാൻഡുകൾ അംഗീകരിച്ചതായി കാണുന്നു. കൂടാതെ

അലമാരക്കായി Effar Tradersന്റെ കുറഞ്ഞ നിരക്ക് സ്വീകരിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതായും കാണുന്നു.

ലഭ്യമായ ടെണ്ടറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| സ്ഥാപനം | സാമഗ്രികൾ | നിരക്ക് |
|---|---|---|
| Effar Traders | കസേര-Friendly<br>Chairman<br>Arris<br>Nilkamal | 215<br>329<br>379<br>419 |
| | അലമാര-medium gauge<br>heavy gauge<br>special heavy | 4890<br>6680<br>7650 |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് | അലമാര- 20 gauge | 6000 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-13/15.10.18) ടെണ്ടർ സ്പെസിഫിക്കേഷൻസ് പ്രകാരമുള്ള സാമഗ്രികളാണ് പർച്ചേസ് ചെയ്തിട്ടുള്ളത് എന്ന മറുപടി സമർപ്പിച്ചിട്ടുണ്ട്.

വാങ്ങിയ സാമഗ്രികളുടെ ഗുണനിലവാരം, കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് എന്നിവക്കാധാരമായ പഞ്ചായത്ത് തീരുമാനം, പർച്ചേസ് കമ്മറ്റി തീരുമാനം, വർക്കിങ് ഗ്രൂപ്പ് മോണിട്ടറിങ് റിപ്പോർട്ട് എന്നിവ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വാങ്ങലിലെ സുതാര്യത ഉറപ്പാക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മേൽ വാങ്ങലിൽ താഴെ പറയും പ്രകാരം അധികച്ചെലവിനിടയായിട്ടുണ്ട്.

| വാങ്ങിയ സാമഗ്രികൾ | എണ്ണം | കൂടിയ നിരക്ക് | കുറഞ്ഞ നിരക്ക് | അധികച്ചെലവ് |
|---|---|---|---|---|
| കസേര | 330 | 419 | 215 | 330x204 = 67320 |
| അലമാര | 3 | 6000 | 4890 | 1110x3 = 3330 |
| ആകെ | | | | 70650/- |

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനോടൊപ്പം വാങ്ങലുകളിലെ സുതാര്യത,

സാധന/സേവന ലഭ്യത,ഗുണനിലവാരം തുടങ്ങിയ ഘടകങ്ങൾ ഉറപ്പുവരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് കമ്മറ്റി രൂപീകരിച്ച് കമ്മറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥർ ആയതിനുള്ള വിശദീകരണം നൽകുന്നതിലൂടെ പദ്ധതി നിർവ്വഹണം സുതാര്യമാക്കാവുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പാലിയേറ്റിവ് കെയർ | 0 | 300000 |
| | 2016-17 | 1239300 | പകൽവീട് നിർമ്മാണം | 0 | 1239300 |
| | 2017-18 | 2190863 | സമൃദ്ധി നെൽക്യഷി | 2190863 | 0 |
| | 2017-18 | 310371 | ക്ഷീരകർഷകർക്കുള്ള ഇൻസെന്റീവ് | 310371 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്കുള്ള ഇൻസെന്റീവ് | 500000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 31/18.12.18<br>32/18.12.18<br>39/12.03.18 | 2102713<br>609592<br>796000<br>ആകെ-3508305 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുന്നങ്കാട്ടുപതി കുടിവെള്ള പദ്ധതി | 9/17.10.17<br>22/19.10.17<br>40/20.03.18 | 11500000<br>2461619<br>692381<br>ആകെ-4654000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും തന്നെ നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നും തന്നെയില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രികൾച്ചർ മാർക്കറ്റ് | GoNo.1132/14 /LSGD/ 13.05.14 | 6500000 | 4629326 | 1445771 | 465854 | 3183555 |

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38499/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.( AFS പ്രകാരം 99925/- രൂപ വരവുള്ളതിൽ ബാക്കിയുള്ള തുക ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിലുള്ളതല്ല.)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 3-11(1) | 2597 | ഷമിത.പി.,<br>അസി. എഞ്ചിനീയർ | 117040101457/ 17.08.17 |
| | 3-11(2) | 711 | ടി | 117040101159/ 25.07.17 |

| | | | | |
|---|---|---|---|---|
| | 3-11(3) | 1167 | ടി | 117040101206/ 29.07.17 |
| | 3-11(4) | 1167 | ടി | 117040101207/ 29.07.17 |
| | 3-11(5) | 519 | ടി | 117040101445/ 16.08.17 |
| | 3-12(1) | 4230 | ടി | 117040101392/ 11.08.17 |
| | 3-12(2) | 4931 | ടി | 117040101393/ 11.08.17 |
| | 3-12(3) | 4491 | ടി | 117040101452/ 17.08.17 |
| | 3-12(4) | 4899 | ടി | 117040101453/ 17.08.17 |
| | 3-12(5) | 4935 | ടി | 117040101455/ 17.08.17 |
| | 3-12(6) | 2972 | ടി | 117040101456/ 17.08.17 |
| 2016-17 | 2-1(1) | 4200 | തൊഴിൽ നികുതി,സ്ഥാപനം | 117040101792/ 05.10.17 |
| | 2-1(3) | 1680 | തൊഴിൽ നികുതി,സ്ഥാപനം | 117040100915/ 30.6.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2000-01 | 3.8 | 2005-06 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമതീർപ്പ് കൽപ്പിച്ചിട്ടില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | : | 109308115 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102068130 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 431824 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 271474/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 71925/- | ശ്രീമതി ബീഗം സൈന .ബി., സെക്രട്ടറി |
| 3-13 | | 8104 (fine) | ശ്രീമതി.ഷമിത.പി. അസി.എഞ്ചിനീയർ |
| 3-14 | | 346795/-(fine) | ശ്രീമതി.രമാദേവി.ആർ. അസി.എഞ്ചിനീയർ |
| 3-18 | | 5000 | ശ്രീമതി.ഷമിത.പി. അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 119110 | ശ്രീമതി ബീഗം സൈന .ബി.,സെക്രട്ടറി |
| 3-19 | 152364 | ശ്രീമതി.രമാദേവി.ആർ.അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബീഗം സൈന ബി.,സെക്രട്ടറി | സെക്രട്ടറി, പെരുമാട്ടി ഗ്രാമ | ബിസ്മി കോട്ടേജ്,ജി-24, ഗ്രീൻ ഗാർഡൻ , |

| | | |
|---|---|---|
| | പഞ്ചായത്ത് | എടപ്പിള്ളി,എറണാകുളം. |
| ശ്രീമതി.ഷമിത.പി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ,കറുകമണിറോഡ്, മൂച്ചിക്കാട്,പനയൂർ (പി.ഒ.), പാലക്കാട് - 678552 |
| ശ്രീമതി.രമാദേവി.ആർ. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പെരുമാട്ടി ഗ്രാമപഞ്ചായത്ത് | സൗപർണിക, പറച്ചിരിക്കാട്, കുഴൽമന്ദം, പാലക്കാട്. |

## 4-10 തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAD-PKD.11/822 /2018/06.09.2018 – അദാലത്ത് | 4 |
| 1997-98(വരവ്) | | 0 |
| 1997-98(ചെലവ്) | | 15 |
| 1998-99(വരവ്) | | 2 |
| 1998-99(ചെലവ്) | | 12 |
| 1999-2000 | | 15 |
| 2000-01 | | 9 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 9 |
| 2004-05 | | 5 |
| 2005-06 | | 12 |
| 2006-07 | | 5 |
| 2007-08 | LFP11/1077/15/3.8.15 | 10 |
| 2008-09 | LFP11/95/14/17.9.2015 | 11 |
| 2009-10 | LFP11/92/15/5.6.17 | 13 |
| 2010-11 | LFP11/1155/2014/11.3.13 | 19 |
| 2011-12 | KSA-PKD-11/18105/17/22.3.17 | 14 |
| 2012-13 | KSA-PKD11/616/15/17.9.15 | 14 |
| 2013-14 &2014-15 | KSA-PKD11/1567/18/31.8.18 | 19 |
| 2015-16 | KSA.PKD.11-191/2017/3.10.17 | 19 |
| 2016-17 | KSA.PKD.11/1322/17/19.1.2018 | 21 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

### 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി ഇനത്തിൽ 2017-18 വർഷത്തെ കുടിശ്ശിക ഡിമാന്റ് തുകകളും 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.
2. Liability in respect of stale cheque എന്ന ശീർഷകത്തിലെ തുക പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. വാർഷിക കണക്കിൽ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-2

## പത്രികകൾ

(എ) രസീപ്റ്റ്സ് & പെയ്മെന്റ്സ് സംക്ഷിപ്തം

| | RECEIPTS & PAYMENTS STATEMENT FROM 01.04.17 TO 31.03.18 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22669603.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1539345.00 |
| 130000000 | Rental income from Panchayat Properties | RP-3 | 350.00 |
| 140000000 | Fees & User Charges | RP-4 | 325210.00 |
| 150000000 | Sale & Hire Charges | RP-5 | 297758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69353415.00 |
| 171000000 | Interest Earned | RP-9 | 264346.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7903316.00 |
| 350000000 | Other Liabilities | RP-36 | 128316.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10170.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 896753.00 |
| 340000000 | Deposits Received | RP-34 | 1047637.00 |
| 350000000 | Other Liabilities | RP-36 | 158258.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3955388.00 |
| 460000000 | Loans, Advances and Deposits | RP-47 | 758250.00 |

| | | | |
|---|---|---|---|
| | Grand total | | 109308115.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4113149.00 |
| 220000000 | Administrative Expenses | RP-12 | 971813.00 |
| 230000000 | Operations & Maintenance | RP-13 | 2781485.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 13086368.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 19133046.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3389620.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 56000.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 2814850.00 |
| 255000000 | Maintenance Projects | RP-20 | 16665389.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 810371.00 |
| 350000000 | Other Liabilities | RP-36 | 5896355.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 466294.00 |
| 280000000 | Prior Period Item | RP-26 | -1680.00 |
| 330000000 | Secured Loans | RP-32 | 1445771.00 |
| 340000000 | Deposits Received | RP-34 | 1110581.00 |
| 350000000 | Other Liabilities | RP-36 | 2082128.00 |
| 410000000 | Fixed Assets | RP-38 | 10631740.00 |
| 430000000 | Stock-in-hand | RP-42 | 290050.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15439155.00 |
| 460000000 | Loans, Advances and Deposits | RP-47 | 885645.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7113588.00 |
| Cash | Cash | RP-40(b) | 126397.00 |
| | Grand Total | | 109308115.00 |

(ബി) ഇൻകം & എക്സ്പെൻഡിച്ചർ സംക്ഷിപ്തം

| | | | |
|---|---|---|---|
| | INCOME & EXPENDITURE STATEMENT For the period from 01-April-2017 to | | |

| | 31-March-2018 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4470589.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 421952.00 |
| 140000000 | Fee & User Charges | I-4(b) | 525910.00 |
| 150000000 | Sale & Hire Charges | I-5(b) | 297758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 144778147.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 264346.00 |
| 180000000 | Other Income | I-9 | 896753.00 |
| | Total Income | | 151655455.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10559910.00 |
| 220000000 | Administrative Expenses | I-11(b) | 971813.00 |
| 230000000 | Operations & Maintenance | I-12(b) | 4236105.00 |
| 240000000 | Interest & Finance Charges | I-13 | 466294.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 17699072.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42724731.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3389620.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 56000.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 51500650.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 16665389.00 |
| | Total Expenditure | | 148269584.00 |
| | Gross Surplus/ Deficit of income over Expenditure | | 3385871.00 |
| 280000000 | Prior Period Item | I-18 | -123985.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3509856.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(സി) ബാലൻസ്ഷീറ്റ് സംക്ഷിപ്തം

| | BALANCE SHEET For the period from 01-April-2017 to 31 March-2018 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33538456.35 |
| 312000000 | Reserves | B-3 | 59552899.00 |
| | Total Reserve & Surplus | | 93091355.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3318780.00 |
| | Total Grants, Contributions for Specific Purposes | | 3318780.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3183555.00 |
| | Total Loans | | 3183555.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1653084.00 |
| 350000000 | Other Liabilities | B-9 | 1103098.65 |
| | Total Current Liabilities and Provisions | | 2756182.65 |
| | TOTAL LIABILITIES | | 102349873.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 78394132.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 78394132.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16379813.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7239985.00 |
| 460000000 | Loand, Advances and Deposits | B-18 | 334943.00 |
| | Total Current Assets, Loans and Advances | | 23954741.00 |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 102349873.00 | | |

ഡെപ്യൂട്ടി ഡയറക്ടർ.